T61
N29

B. A. & B. Sc. DEGREE EXAMINATIONS.

1941

# University of Travancore.

---

# ശ്രീമഹാഭാരതം.

# മൗസലപർവ്വം.

---

*Publishers,*

**VIDHYARTHI MITHRAM BOOK DEPOT,**

**KOTTAYAM.**

Fr. Blasius C.S.

B. A. & B. Sc. Degree Examinations.

1941

UNIVERSITY OF TRAVANCORE.

# ശ്രീ മഹാഭാരതം,

# മൗസലപർവ്വം

DEFINITORY T.O.C.D. No 1235 D. LIBRARY.

ശാസ്ത്രി മഹോപാദ്ധ്യായ

കെ. എസ്സ്. നീലകണ്ഠനുണ്ണി

അവർകളുടെ അവതാരികയോടും വ്യാഖ്യാനത്തോടും കൂടിയതു്.

T.61 / 29

DHARMARAM COLLEGE LIBRARY BANGALORE. 4178

THE VIDHYARTHI MITHRAM Book Sellers & Publishers KOTTAYAM. CANCELLED

Publishers,

Vidhyarthi Mithram Book Depot,

Kottayam.

*Printed at the M. S. Press, Kottayam.*

No Book is Genuine without the Stamp of Pnblishers.

# അവതാരിക.

ജീവിതകാലത്തിന്റെ ദൈർഘ്യം കൊണ്ടല്ല ലോകോപകാരപ്രദങ്ങളായ സൽകർമ്മങ്ങളുടെ ധാരാളതകൊണ്ടാണ് ഒരാൾ ദീർഘായുഷ്മാനായിത്തീരുന്നതു്. സ്വാർത്ഥരഹിതമായ പ്രവൃത്തികൊണ്ടു സ്വജീവിതത്തെ പരിപാവനമാക്കിത്തീർത്ത മഹാത്മാർ തന്നെയാണ് വാസ്തവത്തിൽ ചിരംജീവികൾ. യാതൊരു സൽപ്രവൃത്തികളും ചെയ്യാതെ നൂറുവർഷം ജീവിച്ചിരിക്കുന്നതിനേക്കാൾ ലോകോപകാരപ്രദമായ പ്രവൃത്തികൊണ്ടു സ്വന്തം യശശ്ശരീരത്തെ ഈ ലോകത്തിൽ എന്നെന്നേയ്ക്കുമായി പ്രതിഷ്ഠിച്ചിട്ടു ഒരേനിമിഷംകൊണ്ടു ജീവത്യാഗം ചെയ്യുന്നതു തന്നെയാണ് ഒരാൾക്ക് കാമ്യമായിട്ടുള്ളതു്. അങ്ങിനെയുള്ളവരെയാണു മഹാന്മാരായി ലോകം ഗണിക്കുന്നതും. എന്നാൽ അങ്ങിനെയുള്ളവർ ലോകത്തിൽ അധികമുണ്ടായിട്ടില്ല. ഭൂതകാലചരിത്രത്തെ ആലോചനം ചെയ്തുനോക്കിയാൽ ഏതു ദേശത്തും ഏതുകാലത്തും ഒന്നോ രണ്ടോ പേരെയല്ലാതെ കാണ്മാൻ കഴികയില്ല. ലോകോപകാരപ്രദങ്ങളായ വിശിഷ്ടഗ്രന്ഥങ്ങൾ നിർമ്മിച്ച് മലയാളഭാഷയേയും മലയാളികളേയും അനുഗ്രഹിച്ചു ലോകബഹുമാന്യനായിത്തീർന്ന കവികുലകൂടസ്ഥനായ തുഞ്ചത്തുരാമാനുജനെഴുത്തച്ഛൻ മേൽപറയപ്പെട്ട വിധത്തിലുള്ള ഒരു മഹാൻ തന്നെ ആയിരുന്നു. കേരളീയമഹാകവികളുടെ ഗണനയിൽ കനിഷ്ഠികാധിഷ്ഠിതനായ ഈ മഹാനുഭാവന്റെ പേരു കേൾക്കാത്ത കർണ്ണമോ,

എത്താത്തദേശമോ, കേരളത്തിൽ എവിടേയുംഇല്ല. ഒരു കവിയെന്നനിലയിൽ മാത്രമല്ല വിദ്യാപ്രദാതാവായ വിശിഷ്ടഗുരുവെന്നനിലയ്ക്കും സന്മാൎഗ്ഗോപദേഷ്ടാവായ സമുദായപരിഷ്കൎത്താവെന്നനിലയ്ക്കും, ആ വിശിഷ്ടപുരുഷൻ നമുക്കെന്നും ആരാദ്ധ്യനാണ്. തുഞ്ചത്താചാൎയ്യന്റെ പേരും പെരുമയും കീൎത്തിയും എത്രകാലം ഇഹലോകത്തിൽ നിലനിൽക്കുമോ അത്രയും കാലം അദ്ദേഹം ജീവിച്ചിരിക്കുന്നു എന്നുതന്നെ നമുക്ക് അഭിമാനിക്കാം.

**ജന്മദേശം.** ആത്മാഭിമാനവ്യസനികളായധീരപുരുഷന്മാൎക്ക് മഹാന്മാരുടെ ജന്മദേശത്തെപ്പററി വിവാദമുണ്ടാകുക സാധാരണമാണ്. ലോകോത്തരമഹിമാശാലികളായി ജീവിച്ചിരുന്ന മഹാത്മാക്കളുടെ ജനനംകൊണ്ടുള്ള പരിപാവനത താന്താങ്ങളുടെ ജന്മദേശത്തിനുതന്നെ സിദ്ധിച്ചില്ലെങ്കിൽ അതൊരു കുറവായിട്ടാണു മേൽപറയപ്പെട്ടവർ കരുതുന്നതെന്നുള്ളതിനു വിവിധവിഷയങ്ങളെ ആധാരമാക്കി ഇദാനീന്തനന്മാരുടെ ഇടയിൽനിന്നു വരുന്ന ഓരോവാദങ്ങളും സാക്ഷ്യം വഹിക്കുന്നു. ഭാഗ്യാതിരേകത്താൽ എഴുത്തച്ഛന്റെ ജന്മദേശത്തെക്കുറിച്ചുള്ളവിചാരണയിൽ ഏവംവിധമായഒരു കുഴപ്പം ഉണ്ടായിട്ടില്ലെന്നു തന്നെയാണു വിചാരിക്കേണ്ടതു്. മിക്കവാറും സുനിശ്ചിതമായ ഒരു അഭിപ്രായം തന്നെ ഈ വിഷയത്തിൽ സഹൃദയലോകം ഇന്നു കൈക്കൊണ്ടിരിക്കുന്നു. ബ്രിട്ടീഷുമലബാറിൽ പൊന്നാനിതാലൂക്കിൽ വെട്ടത്തുനാട്ടദേശത്തു് വെട്ടത്തു പുതിയങ്ങാടിക്കുസമീപമുള്ള തൃക്കണ്ടിയൂർ ശിവക്ഷേത്രത്തിനു പടിഞ്ഞാറുമാറി തിരൂർ തീവണ്ടിസ്റ്റേഷനുതെക്ക് പൊന്നാനിപ്പുഴവ

ക്കിൽ കാണുന്ന തുഞ്ചൻ പറമ്പാണ് എഴുത്തച്ഛന്റെ ജന്മദേശം. ഈ അഭിപ്രായത്തിനു വലിയ വ്യത്യാസമൊന്നുമുള്ളതായിട്ടറിവില്ല. എഴുത്തച്ഛന്റെ സ്മരണയെ നിലനിർത്തുന്നതിനു പര്യാപ്തമായ ഒരു ഗുരുമഠം മാത്രമേ ഇന്നിവിടെ കാണുന്നുള്ളു. എഴുത്തച്ഛന്റെ പൈങ്കിളിയുടെ കളനാദം ശ്രവിച്ച് സ്വശരീരത്തെപ്പോലും മധുരീകരിച്ച ഒരു കാഞ്ഞിരമരം അവിടെ നില്ക്കുന്നത് സന്ദർശകന്മാരുടെ ആദരാതിശയങ്ങളെ ആവഹിക്കുന്നു. പ്രസ്തുതമായ കാഞ്ഞിരമരത്തിന്റെ ഇലകൾക്കു കയ്പില്ലെന്നാണ് അനുഭവസ്ഥന്മാർ പറയുന്നത്. തദ്ദേശീയരായ തീയർ ഗുരുമഠത്തിലെ വിളക്കുവയ്പു കൃത്യം സ്തുത്യർഹമാംവണ്ണം നിർവ്വഹിക്കുന്നത് മഹാനായ തുഞ്ചത്താചാര്യനോട് അവർക്കുള്ള ഭക്തിബഹുമാനങ്ങളെ സൂചിപ്പിക്കുന്നു. തുഞ്ചൻ പറമ്പിലെ മണ്ണാണ് സമീപദേശങ്ങളിലുള്ള ആളുകൾ ഇന്നും കുട്ടികളെ എഴുത്തിനിരുത്തുന്നതിനായി ഉപയോഗിക്കുന്നത്.

**ജീവിതകാലം.** മഹാന്മാരുടെ ജന്മദേശത്തേയോ ജീവിതകാലത്തേയോ അവർ ചെയ്തിട്ടുള്ള വശിഷ്ടങ്ങളും ലോകോപകാരപ്രദങ്ങളുമായ പ്രവൃത്തികളെയോ, ആധാരമാക്കി എന്തെങ്കിലും രേഖപ്പെടുത്തിവയ്ക്കുക എന്നതു് നമ്മുടെ പൂർവ്വന്മാരുടെ പ്രവൃത്തിപരിധിയിൽപെട്ട കാര്യമല്ലായിരുന്നു. ഈ വിഷയത്തിൽ അവർ കുററക്കാരാണെന്നു സ്ഥാപിച്ചാൽ നമുക്ക് അതിൽപരം ഗുരുത്വമില്ലായ്ക വേറെ ഉണ്ടാകേണ്ടതില്ല. പാശ്ചാത്യരെ അപേക്ഷിച്ച് പൗരസ്ത്യർ അലൗകികകാര്യങ്ങൾക്കു പ്രാധാന്യം നൽകിയിരുന്നു. പാശ്ചാത്യർ പര

ലോകത്തിലേക്കും, പൗരസ്ത്യർ ഇഹലോകത്തിലേക്കുംക ണ്ണോടിക്കേണ്ടതാണെന്നൊരു മഹാൻ അഭിപ്രായപ്പെട്ടിട്ടുള്ളതു് ഈ സന്ദർഭത്തിൽ സ്മരണീയമാണു്. ഇഹ ലോകജീവിതത്തെത്തന്നെ കാൎയ്യമായി കരുതാത്തവർ സ്വന്തം പ്രവൃത്തികളെ രേഖപ്പെടുത്താനോ മറെറാരുവൻെറ പ്രവൃത്തിമാർഗ്ഗത്തെ പ്രശംസിക്കാനോ പുറപ്പെടുന്നതല്ലല്ലോ. വാസ്തവത്തിൽ അവൎക്കു് അറിയപ്പെടേണ്ടതായി ട്ടൊന്നുമാത്രമേയുള്ളു. സാക്ഷാൽ പരബ്രഹ്മം. അതില്ലാത്തതൊന്നും അവൎക്കറിയേണ്ട. ഈ സ്ഥിതിയിൽ എഴുത്തച്ഛനെപ്പററി മററുവല്ലവരുമോ എഴുത്തച്ഛൻ തന്നെയോ ജീവിതകാലാദിവിവരങ്ങൾ രേഖപ്പെടുത്താത്തതിൽ അതിശയിക്കാനില്ല. തന്മൂലം എഴുത്തച്ഛൻെറ ജീവിതകാലം ചില അഭ്യൂഹങ്ങളെകൊണ്ടു നിർണ്ണയിക്കാനെ നിവൃത്തികാണുന്നുള്ളു. വാദകോലാഹലജടിലമായ ഈ വിഷയത്തിൽ മിക്കവാറും സുസമ്മതമായ ഒരു അഭിപ്രായം സ്ഥാപിതമായിട്ടുണ്ടു്.

സാധാരണയായി നിരൂപണകാരന്മാർ അനിശ്ചിതങ്ങളായ കാൎയ്യങ്ങളെ നിർണ്ണയിക്കുന്നവിഷയത്തിൽ ഭിന്നഭിന്നങ്ങളായ ഹേതുക്കളെയാണു കൈക്കൊണ്ടുകാണുന്നതു്. ഗ്രന്ഥകാരന്മാരേയും ഗ്രന്ഥങ്ങളേയും പററിയാണെങ്കിൽ ബാഹ്യങ്ങളും ആഭ്യന്തരങ്ങളുമായ ഈ കാരണങ്ങൾ കൈക്കൊള്ളുന്നതു വാദത്തിൻെറ സുഗമതയ്ക്കു് അവശ്യം ആവശ്യമാകുന്നു. നിർണ്ണീതങ്ങളായ മററു സംഗതികളെ ആധാരമാക്കി നിൎദ്ദിഷ്ടകാൎയ്യത്തിനു കാലനിർണ്ണയം ചെയ്യുന്നതു് ബാഹ്യവും നിൎദ്ദിഷ്ടകാൎയ്യത്തിൽ തന്നെ സൂചിപ്പിക്കപ്പെട്ടിട്ടുള്ളതോ രേഖാമൂലമാ

യി തെളിച്ചിട്ടുള്ളതോ ആയ സംഗതികളെ അടിസ്ഥാനപ്പെടുത്തി കാലനിർണ്ണയം ചെയ്യുന്നതു് ആഭ്യന്തരവുമാകുന്നു. ഈ രണ്ടുവിധത്തിലുള്ള ഹേതുക്കളും കഴിയുന്നത്ര ഉപയോഗിച്ചുവേണം എഴുത്തച്ഛന്റെ ജീവിതകാലത്തെപ്പററിയും നിർണ്ണയം ചെയ്‌വാൻ. ഒന്നാമതായി ബാഹ്യഹേതുക്കളെകൊണ്ടു് ഇക്കാര്യം എത്രമാത്രം സാദ്ധ്യമാകുമെന്നു നിരൂപിക്കാം.

എഴുത്തച്ഛൻ കൊല്ലവർഷം 700-നും 800-നും മദ്ധ്യേ ജീവിച്ചിരുന്നുവെന്നാണു് ഭാഷാചരിത്രകർത്താവായ ഗോവിന്ദപ്പിള്ള സർവ്വാധികാര്യക്കാർ അവർകൾ പറയുന്നതു്. കേരളകൌമുദീകർത്താവായ കോവുണ്ണിനെടുങ്ങാടിയാകട്ടെ എഴുത്തച്ഛൻ കൊല്ലവർഷം 600-ാമാണ്ടിനിടയ്ക്കു ജീവിച്ചിരുന്നതായി പറഞ്ഞുകാണുന്നു. കൊല്ലവർഷം 776 മുതൽ 875 വരെയുള്ള കാലഘട്ടത്തിലാണു എഴുത്തച്ഛൻ ജീവിച്ചിരുന്നതെന്നുള്ള ഡാക്ടർ ഗുണ്ടർട്ടു തുടങ്ങിയുള്ളവരുടെ അഭിപ്രായത്തോടു ഭാഷാചരിത്രകാരൻ തീരെ വിയോജിച്ചുകാണുന്നു. അതിനദ്ദേഹം താഴെപറയുന്ന തെളിവുകളാണു് ഹാജരാക്കുന്നതു്.

എഴുത്തച്ഛനും നാരായണീയകർത്താവായ മേല്പത്തൂർ നാരായണഭട്ടതിരിയും ഒരേകാലത്തിൽ ജീവിച്ചിരുന്നവരാണു്. ഭട്ടതിരിയാണു് എഴുത്തച്ഛനെ അമ്പലപ്പുഴരാജാവുമായി പരിചയപ്പെടുത്തിയതെന്നുള്ളതിൽ വിവാദമില്ല. ഭട്ടതിരിയുടെ നാരായണീയം ഗ്രന്ഥം 762 വൃശ്ചികം 28-ാംനു- എഴുതിത്തീർന്നതായി "ആയുരാരോഗ്യസൌഖ്യ"മെന്ന കലിദിനസംഖ്യംകൊണ്ടു മനസ്സിലാക്കാം. അദ്ധ്യാത്മരാമായണം മൂലഗ്രന്ഥം വടക്കുനിന്നു

അമ്പലപ്പുഴരാജാവിൻെറ സന്നിധിയിൽ കൊണ്ടുവന്നതു്. "പവിത്രകരസൂര്യം" എന്ന കലിദിനസംഖ്യകൊണ്ടു 787 ചിങ്ങമാസത്തിലാണെന്നു കാണാം. പ്രസ്തുത ഗ്രന്ഥം പകൎത്തി എഴുതുന്നതിനായി എഴുത്തച്ഛനെ ഏല്പിക്കുകയും പകൎത്തി എഴുതിയതിനോടുകൂടി അതിൻെറ തൎജ്ജിമ നിൎവ്വഹിക്കുകയും ചെയ്തു എന്നാണല്ലോ ഐതിഹ്യം. ഭട്ടതിരിയുടെ യൗവ്വനകാലത്തു് എഴുത്തച്ഛൻ മദ്ധ്യവയസ്സിൽ എത്തിയിരിക്കുന്നുഎന്നുള്ളതുകൂടി ഇവിടെ ഓൎക്കേണ്ടതാണു്. ഏതാദൃശങ്ങളായ കാരണങ്ങളെക്കൊണ്ടു് കൊല്ലം 700-നും 800-നും മദ്ധ്യേ എഴുത്തച്ഛൻ ജീവിച്ചിരുന്നു എന്നുള്ള ഭാഷാചരിത്രകൎത്താവിൻെറ അഭിപ്രായംതന്നെ നമുക്കും സ്വീകരിക്കാം. എന്നാൽ ആധുനിക ഭാഷാചരിത്രകൎത്താവായ ആർ. നാരായണപ്പണിക്കർ അവൎകൾ 750-നും 825-നും മദ്ധ്യേ എഴുത്തച്ഛൻ ജീവിച്ചിരുന്നു എന്നു് അഭിപ്രായപ്പെടുന്നുണ്ടു്.

ജനസമുദായത്തിനൊ രാജ്യത്തിനൊ പരിവൎത്തനം വരുത്തിയിട്ടുള്ള ചരിത്രപ്രസിദ്ധങ്ങളായ സംഭവങ്ങളോ ആചാരങ്ങളോ ഭാഷാരീതിയിൽ വന്നുചേൎന്നിട്ടുള്ള വ്യത്യാസങ്ങളോ, പദങ്ങൾക്കു വ്യാകരണസംബന്ധമായും മററും ഉണ്ടായിട്ടുള്ള വേഷപ്പകൎച്ചകളോ സ്പഷ്ടമായോ അസ്പഷ്ടമായോ ഗ്രന്ഥങ്ങളിൽ എവിടെ എങ്കിലും സ്ഥാനം പിടിച്ചിട്ടുണ്ടെങ്കിൽ അവയെ അടിസ്ഥാനമാക്കി കാലനിൎണ്ണയം ചെയ്യുകയെന്നുള്ളതു് പരിഷ്കൃതമായ ഒരു സമ്പ്രദായമാണു്. എഴുത്തച്ഛൻെറ ഗ്രന്ഥങ്ങളെ സംബന്ധിച്ചിടത്തോളം അതിനൊന്നിനും യാതൊരുമാൎഗ്ഗവും ഇല്ലാതെയാണിരിക്കുന്നതു്. ഭക്തിരസസംപൂൎണ്ണ

ങ്ങളും അദ്ധ്യാത്മപ്രതിപാദകങ്ങളുമാണ് എഴുത്തച്ഛ
ന്റെ സകല കൃതികളും ഏതാദൃശഗ്രന്ഥങ്ങളിൽ സാമ്പ്ര
ദായികങ്ങളോ രാഷ്ട്രീയങ്ങളോ ആയ കാര്യങ്ങൾക്കു പ്രസ
ക്തി എവിടെ. ഭാഷാരീതിയെസംബന്ധിച്ചുനോക്കിയാ
ൽ ഇദാനീന്തനകാലത്തുപോലും ആദരണീയമായ ഒരു
ശൈലിയാണ് എഴുത്തച്ഛന്റെ കൃതികളിൽ ദൃഷ്ടാന്തമാ
കുന്നതെന്നുള്ളതുകൊണ്ട് അതും ജീവിതകാലനിർണ്ണയ
ത്തിനുതകുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. പ്രാചീന
തമിഴ്പദങ്ങളും വൃത്തം തന്നെയും ഭേദിച്ചു ഉപയോഗി
ച്ചിരിക്കുന്ന കണ്ണശ്ശനെക്കാൾ എഴുത്തച്ഛൻ ആധുനിക
നായിരുന്നുഎന്നും നവീനവും ആധുനികസാഹിത്യത്തോ
ടു തുല്യവുമായ ഭാഷ ഉപയോഗിച്ച കുഞ്ചൻനമ്പ്യാരെക്കാ
ൾ പ്രാചീനനായിരുന്നു എന്നും കുഞ്ചന്റെയും കണ്ണശ്ശ
ന്റെയും കാലം മിക്കവാറും നിശ്ചിതകോടിയിൽ എത്തി
യിരിക്കുന്ന സ്ഥിതിക്ക് ഭാഷാചരിത്രകർത്താവിന്റെ കാ
ലനിർണ്ണയംതന്നെ ഭാഷാരീതികൊണ്ടും സാധുവെന്നനുമാ
നിക്കാമെന്ന് ചിലർ അഭിപ്രായപ്പെട്ടുകാണുന്നതു ഉപരി
ചിന്തനാർഹമായ ഒരു വിഷയമാണ്. കണ്ണശ്ശന്റെ
തമിഴ്രൂപങ്ങളോ നമ്പ്യാരുടെ ദേശ്യപ്രയോഗങ്ങളോ
സ്വാതന്ത്ര്യങ്ങളോ, രാമായണാദികളിൽ കാണുന്നില്ലെ
ന്നുള്ളതു വാസ്തവം തന്നെ. പക്ഷെ കണ്ണശ്ശന്റെ കാ
ലശേഷം ഇദാനീന്തനകാലംവരെ വ്യാപിച്ചു കിടക്കുന്ന
ഭാഷയുടെ ഏതു ഘട്ടവിശേഷത്തെയാണ് എഴുത്തച്ഛ
ന്റെ ഭാഷാരീതി സൂചിപ്പിക്കുന്നതെന്നു ഖണ്ഡിതമായി
പ്പറവാൻ ആരെക്കൊണ്ടും സാധിക്കയില്ലെന്നാണു തോ
ന്നുന്നതു്. തൻമൂലം ആഭ്യന്തരങ്ങളായ ഈ ലക്ഷ്യങ്ങ
ളെക്കൊണ്ടു കാലനിർണ്ണയം ചെയ്യാൻ സാദ്ധ്യമല്ലതന്നെ.

**ജീവചരിത്രം.** എഴുത്തച്ഛന്റെ ജീവചരിത്രവും അന്ധകാരാവൃതമാണു. അഹംകാര രഹിതനായ ഇദ്ദേഹം മററെല്ലാകാൎയ്യത്തിലുമെന്നപോലെ തന്നെസ്വന്തംപേർ പ്രസിദ്ധമാക്കുന്നതിൽപോലും വിമുഖനായിരുന്നു. എഴുത്തച്ഛന്റെ പിതാവു നീലകണ്ഠനാമാവായ ഒരു ബ്രാഹ്മണനായിരുന്നു എന്നു ഹരിനാമകീൎത്തനത്തിലെ "അൻപേണമെൻമനസിശ്രീനീലകണ്ഠഗുരു" എന്ന ഭാഗത്തിൽനിന്നും തെളിയുന്നുണ്ടെന്നു ചിലർ വാദിക്കുന്നു. എഴുത്തച്ഛനു രാമനെന്നുപേരായി ഒരു ജ്യേഷ്ഠനുണ്ടായിരുന്നതായും അദ്ദേഹംതന്നെയാണ് എഴുത്തച്ഛനെ ബാല്യകാലത്തിൽ വിദ്യ അഭ്യസിപ്പിച്ചതെന്നും താഴെകാണുന്ന രാമായണഭാഗത്തെ അടിസ്ഥാനമാക്കി അഭിപ്രായപ്പെടുകയും ചെയ്യുന്നു.

അഗ്രജൻമമസതാം വിദുഷാമഗ്രേസരൻ
മൽഗുരുനാഥനേകാന്തേവാസികളോടും
ഉൾക്കുരുന്നിങ്കൽ വാഴ്ക രാമനാമാചാൎയ്യനും
മുഖ്യന്മാരായുള്ള ഗുരുഭൂതന്മാർ മററുള്ളോരും.

ഇതിൽ കാണുന്ന 'രാമനാമാചാൎയ്യൻ' എഴുത്തച്ഛന്റെ ജ്യേഷ്ഠനല്ലായിരുന്നുഎന്നും. പ്രത്യുത,വിദേശസഞ്ചാരത്തിനിടയിൽ അദ്ദേഹം സുപ്രസിദ്ധ വൈഷ്ണവാചാൎയ്യന്റെ ശിഷ്യത്വം സമ്പാദിക്കുകയും ഗുരുപാദരോടുള്ള ബഹുമാനം കാണിക്കാനായി ആ ആചാൎയ്യനെ സ്മരിക്കയാണു ചെയ്തിരിക്കുന്നതെന്നും രാമന്റെ അനുജൻ എന്ന അൎത്ഥത്തിലല്ല രാമാനുജപദം എഴുത്തച്ഛനുണ്ടായതെന്നും ഗുരുവിന്റെ പേർ അദ്ദേഹം

സ്വീകരിച്ചതാണെന്നും ഇങ്ങനെ പല അഭിപ്രായഭേദങ്ങളും നിലവിലിരിക്കുന്നുണ്ടു്. ഗുരുവിനോടുള്ള ബഹുമാനത്തെ സൂചിപ്പിക്കുന്നതിനു ഗുരുവിന്റെ പേർതന്നെ സ്വീകരിക്കുക എന്നുള്ളതു് അഹംകാരലക്ഷണമായിട്ടാണു കരുതേണ്ടതു്. ഗുരുനാമം ഉച്ചരിക്കാൻപോലും പാടില്ലെന്നു പ്രമാണമായിരിക്കെ വിനീതനും ഭക്താഗ്രേസരനുമായ ഒരു ശിഷ്യൻ ഗുരുനാമംതന്നെ സ്വയം സ്വീകരിച്ചു എന്നു പറയുന്നതു വെറും ബാലിശമായ ഒരഭിപ്രായമെന്നേ വിചാരിക്കാനുള്ളു. ഒരുപക്ഷെ വൈഷ്ണവകഥാപ്രതിപാദകങ്ങളായ ഗ്രന്ഥങ്ങൾ നിർമ്മിച്ചു് ജനസമുദായത്തിൽ വൈഷ്ണവഭക്തി ദൃഢമൂലമാക്കിത്തീർത്തുകൊണ്ടു പണ്ഡിതന്മാർ ഇദ്ദേഹത്തെ രാമാനുജൻ എന്നു വിളിച്ചുവന്നിരിക്കാം. അല്ലെങ്കിൽ വൈഷ്ണവമതപ്രചരണത്തിൽ അസൂയാലുക്കളായ ജനങ്ങൾ അദ്ദേഹത്തെ ആക്ഷേപസൂചകമായി രാമാനുജൻ എന്നു വിളിക്കുകയും പിൽക്കാലം ഈ പേർ പ്രസിദ്ധമായിത്തീരുകയും ചെയ്തതായിരിക്കാം. മററു ചിലർ ശങ്കരൻ എന്നായിരുന്നു എഴുത്തച്ഛന്റെ പേരെന്നും പറഞ്ഞുകാണുന്നു.

**വിദ്യാഭ്യാസം.** എഴുത്തച്ഛന്റെ കാലത്തു കേരളത്തിലെ വിദ്യാഭ്യാസം ഇന്നു കാണുന്ന രീതിയിലായിരുന്നില്ല എഴുത്തുകുത്തുകളെല്ലാം അക്കാലത്തു തമിഴിലായിരുന്നു. തമിഴിൽ എഴുത്തും വായനയും പരിശീലിക്കുന്നതുകൂടാതെ എൺചുവടി മുതലായ ചില കണക്കുകൾകൂടി പഠിച്ചുകഴിഞ്ഞാൽ അക്കാലത്തെ വിദ്യാഭ്യാസം പൂർത്തിയായി ഉപരിവിദ്യാഭ്യാസം ചെയ്യുന്നമെന്നാ

ഗ്രഹിക്കുന്നവർ സംസ്കൃതത്തിൽ കാവ്യനാടകാലങ്കാരാദികൾ പഠിച്ചു വിദ്വാന്മാരായും തീൎന്നിരുന്നു. എന്നാൽ അത്തരക്കാർ വളരെ അപൂൎവ്വവുമായിരുന്നു. സാമാന്യവിദ്യാഭ്യാസത്തിനുശേഷം എഴുത്തച്ഛൻ സ്വദേശത്തു താമസിച്ചുതന്നെ സംസ്കൃതത്തിൽ ദൃഢമായ ഒരു വ്യുല്പത്തി സമ്പാദിച്ചിരുന്നു എന്നുതന്നെയാണു വിചാരിക്കേണ്ടതു്. വിദ്യാഭ്യാസത്തിനുശേഷം എഴുത്തച്ഛൻ സ്വദേശത്തുതന്നെ ഒരു എഴുത്തുപള്ളി കെട്ടിയുണ്ടാക്കി കുട്ടികളെ പഠിപ്പിച്ചു താമസിച്ചു. അക്കാലത്താണു മാതൃഭാഷയുടെ ദാരിദ്ര്യാവസ്ഥ അദ്ദേഹത്തിനു ബോദ്ധ്യമായതു്. അധികം താമസിയാതെ ഇതിനെന്തെങ്കിലും പരിഹാരമുണ്ടാക്കണമെന്നുള്ള ദൃഢവ്രതത്തോടുകൂടി അദ്ദേഹം വിദേശസഞ്ചാരത്തിനിറങ്ങി. അക്കാലത്തു തൃശ്ശൂർ സമീപം മുള്ളൂക്കര എന്നദേശത്തു പാൎത്തിരുന്ന മനക്കോട്ടച്ഛന്മാരിൽനിന്നു് എഴുത്തച്ഛനു വളരെ സഹായങ്ങൾ ഉണ്ടായിട്ടുള്ളതായി ശിവപുരാണത്തിലെ

മനക്കോട്ടുവാഴും മഹാമാനശാലി
മനക്കാമ്പിലേറും കൃപാവാരിരാശി
എനിക്കാശ്രയം ബാലരാമാഭിധാനൻ
നിനയ്ക്കുന്നതെല്ലാം വരുത്താൻ കരുത്തൻ

എന്ന ഭാഗത്തിൽനിന്നും വെളിപ്പെടുന്നുണ്ടെന്നു ചിലർ അഭിപ്രായപ്പെടുന്നു. എന്നാൽ ശിവപുരാണം എഴുത്തച്ഛന്റെ കൃതിയാണെന്നു തെളിയിക്കാനുള്ള കാരണങ്ങൾ വികലങ്ങളായിരിക്കുന്നിടത്തോളം ഈ അഭിപ്രായം ദുർബ്ബലമാണെന്നു പറയേണ്ടതില്ലല്ലോ. ഏതായാലും എട്ടുപത്തുവർഷം അദ്ദേഹം ദ്രാവിഡദേശങ്ങളി

ൽ സഞ്ചരിച്ച് ദ്രാവിഡഭാഷകളിൽ അഗാധമായ ജ്ഞാനം സമ്പാദിക്കുകയും അക്കാലത്തു പ്രസിദ്ധന്മാരായിരുന്ന ദ്രാവിഡകവികളുമായി പരിചയപ്പെടുകയും ചെയ്തു എന്നുള്ളതിൽ സംശയമില്ല. എന്നു മാത്രമല്ല ദ്രാവിഡകുടുംബത്തിൽ ചേൎന്ന മലയാളഭാഷ സംസാരിക്കുന്ന മലയാളികളെ രസിപ്പിക്കുന്നതിനു ദ്രാവിഡരീതിയിലുള്ള കവിതകൊണ്ടേ സാധിക്കുകയുള്ളു എന്നും സംസ്കൃതരീതി അതിനു അപര്യാപ്തമെന്നും കൂടി അദ്ദേഹത്തിനു കാലാന്തരത്തിൽ ബോധമുണ്ടായി.

തിരിച്ചു സ്വദേശത്തു വന്നതിന്റെശേഷം എഴുത്തച്ഛൻ കവിതാനിൎമ്മാണകൃത്യത്തിൽ വ്യാപൃതനായി. പദദാരിദ്ര്യം മൂലവും ഗ്രന്ഥദാരിദ്ര്യം മൂലവും കഷ്ടതയനുഭവിച്ചുവന്ന കൈരളിയ്ക്കു എഴുത്തച്ഛന്റെ ഈ ഉദ്യമം എത്രമാത്രം ഗുണപ്രദമായിതീൎന്നു എന്നുള്ളതു് അതിനു മുൻപുണ്ടായിരുന്ന കൈരളിയുടെ ചരിത്രം പരിശോധിച്ചാൽ ഏവൎക്കും വ്യക്തമാകുന്നതാണു്. എഴുത്തച്ഛൻ ജീവിതത്തിന്റെ അവസാനഘട്ടം കഴിച്ചുകൂട്ടിയതു സ്വഗൃഹത്തിൽവച്ചുതന്നെയായിരുന്നു എന്നു ചിലരും അതല്ല കൊച്ചിസ്സീമയിൽ ചേൎന്ന കിഴക്കൻ ചിററൂർ എന്ന സ്ഥലത്തു് ശോകനാശിനിപ്പുഴയുടെ വടക്കെക്കരയിലുള്ള ചിററൂർ ഗുരുമഠത്തിലായിരുന്നു എന്നു മററു ചിലരും അഭിപ്രായപ്പെടുന്നു. എഴുത്തച്ഛന്റെ യോഗദണ്ഡും മെതിയടിയും ഗുരുമഠത്തിൽ അദ്യാപി സൂക്ഷിക്കപ്പെട്ടിട്ടുണ്ടെന്നാണു പറയപ്പെടുന്നതു്. വാൎദ്ധക്യത്തിൽ അല്പം സ്ഥൂലിച്ച ശരീരത്തോടുകൂടിയ എഴുത്തച്ഛൻ മരണപൎയ്യന്തം ബ്രഹ്മചൎയ്യം അനുഷ്ഠിച്ചുവന്നു എന്നും ഉദ്ദേ

ശം അറുപതുവയസ്സുവരെ ജീവിച്ചിരുന്നു എന്നുമാണറിവ്. ഭാൎയ്യാപുത്രാദികളോടുകൂടി ജീവിതം കഴിച്ചുവന്ന ഒരാളായിരുന്നു ഈ മഹാനുഭാവനെന്നഭിപ്രായപ്പെടുന്നവരും ഇല്ലാതില്ല. മലയാളഭാഷയ്ക്കുവേണ്ടിയും മലയാളികൾക്കുവേണ്ടിയും ജീവിതാർപ്പണം ചെയ്ത ഈ മഹാത്മാവിൻെറ മരണം ഒരു ധനുമാസത്തിൽ ഉത്രം നക്ഷത്രത്തിലെന്നല്ലാതെ ഏതു വർഷത്തിലെന്നോ ഏതു തീയതിയിലെന്നോ പറയുന്നതിന് ശരിയായ ലക്ഷ്യങ്ങൾ ഒന്നില്ലാതെയാണിരിക്കുന്നതു്.

ചെറുപ്പകാലത്തു് തൃക്കണ്ടിയൂർ ക്ഷേത്രത്തിൽ സ്വാമിദർശനത്തിനായി കൊണ്ടുചെന്ന അവസരത്തിൽ ബ്രാഹ്മണർ വേദം ചൊല്ലുന്നതുകേട്ട് എഴുത്തച്ഛൻ കാട്ടുകാട് എന്നു അക്ഷേപസൂചകമായി പറഞ്ഞു എന്നും അസൂയാലുക്കളായിരുന്ന ബ്രാഹ്മണർ മന്ത്രം ജപിച്ചു മലർ കൊടുത്തു് അദ്ദേഹത്തെ ഭ്രാന്തനാക്കിതീൎത്തു എന്നും പിന്നീടു സ്വബോധം വേണമെങ്കിൽ മദ്യം സേവിക്കണമെന്നു വിധിച്ചു എന്നും തന്മൂലം ജീവിതകാലം മുഴുവൻ ഒരു മദ്യപാനിയായിട്ടാണദ്ദേഹത്തിനു കഴിച്ചുകൂട്ടേണ്ടിവന്നതെന്നും ജാതിയിൽ അദ്ദേഹം ഒരു ചക്കാലനായരായിരുന്നു എന്നും മററുമുള്ള കഥകൾ മഹാന്മാരുടെ മഹനീയതയെ ജാതിമൂലം സമ്മതിച്ചുകൊടുക്കാൻ വിസമ്മതം കാണിച്ച ഒരു ജനസമുദായത്തിൻെറ കെട്ടുകഥകളാണെന്നേ വിചാരിക്കേണ്ടതുള്ളൂ. ബ്രാഹ്മണൎക്കു സൎവ്വഥാ പ്രാമാണ്യമുണ്ടായിരുന്ന ഒരു കാലത്തു് ധനസ്ഥിതിയിൽ ഏററവും പിന്നോക്കമായ ഒരു നായർ അവരെ അധിക്ഷേപിച്ചു എന്നു പറയുന്നതുതന്നെ പരമാൎത്ഥ

മായിരിക്കാനിടയില്ല. എന്നു മാത്രമല്ല എഴുത്തച്ഛന്റെ പിതാവുതന്നെ ഒരു ബ്രാഹ്മണനായിരുന്നു എന്നും എഴുത്തച്ഛൻ മികച്ച ഒരു ബ്രാഹ്മണഭക്തനായിരുന്നു എന്നും സ്ഥാപിതമായിരിക്കുന്ന സ്ഥിതിക്ക് മേലുദ്ധരിച്ച അഭിപ്രായം അസംഗതമാവാനേ തരം കാണുന്നതുമുള്ളു.

**കൃതികൾ.** ഹരിനാമകീർത്തനം രാമായണം ഇരുപത്തിനാലുവൃത്തം, അദ്ധ്യാത്മരാമായണം മഹാഭാരതം ചിന്താരത്നം കൈവല്യനവനീതംമുതലായവയാണു് എഴുത്തച്ഛന്റേതെന്നു് സർവ്വസമ്മതങ്ങളായ കൃതികൾ ഭാഗവതവും ശിവപുരാണവും എഴുത്തച്ഛന്റേവക തന്നെയാണോ എന്നു പണ്ഡിതന്മാർ സംശയിക്കുന്നു. ചിലർ ഭാഗവതത്തിന്റെ ആദിഭാഗം മാത്രം എഴുത്തച്ഛന്റേതെന്നു വിവാദരഹിതമായി അഭ്യൂഹിക്കുന്നു. ശിവപുരാണത്തിന്റെ കാര്യത്തിൽ കർത്തൃത്വം മാററി സ്ഥാപിക്കേണ്ടതാണെന്നുതന്നെയാണു മിക്കവാറും പണ്ഡിതന്മാരുടെ അഭിപ്രായം. ഹരിനാമകീർത്തനം വേദാന്തതത്വങ്ങളും പൗരാണികകഥകളും കൂട്ടിച്ചേർത്തെഴുതിയിട്ടുള്ള ഒരു കൃതിയാണു്. സംസാരദുഃഖത്തിൽ കിടന്നുഴലുന്ന സാധുക്കളായ ജനങ്ങളെ വിജ്ഞാനികളാക്കിതീർക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി വിരചിതമായ ഈ ഗ്രന്ഥം കവിയുടെ ബാല്യകാലകൃതികളിൽ ഒന്നായിരിക്കാം. ഇരുപത്തിനാലുസർഗ്ഗങ്ങളിലായി രാമായണകഥയെ വാത്മീകിപ്രോക്തമായരീതിയിൽ പ്രതിപാദിച്ചിരിക്കുന്ന ഒരു ഗ്രന്ഥമാണു രാമായണം ഇരുപത്തിനാലുവൃത്തം, മലയാളഭാഷയിലെ അമൂല്യസമ്പത്തായ അദ്ധ്യാത്മരാമായണം സംസ്കൃതവിവർത്തിതമായ ഒരു വി

ശിഷ്ടഗ്രന്ഥമാണ്. ഇതിന് തുല്യമായ വേറൊരുഗ്രന്ഥം മലയാളത്തിലിതേവരെ കാണ്മാൻ കഴിഞ്ഞിട്ടില്ല. മഹാഭാരതം മൂലത്തെ അടിസ്ഥാനപ്പെടുത്തി സ്വതന്ത്രമായി എഴുതിയിട്ടുള്ള ഒന്നാണ് മഹാഭാരതം. സമുദ്രംപോലെ പരന്നുകിടക്കുന്ന മഹാഭാരതകഥയെ ഈ വിധം സംഗ്രഹിച്ച മഹാനുഭാവൻ കേവലം ഒരു മനുഷ്യനല്ലെന്നും ഗന്ധർവ്വാംശമായ ഒരു ദിവ്യനാണെന്നും വല്ലവരും വാദിക്കുന്നുണ്ടെങ്കിൽ അതിനെപ്പററി ഒട്ടും ആശ്ചര്യപ്പെടേണ്ടതില്ല. മഹാഭാരതത്തിലെ ഭാഷാരീതി ഹൃദ്യവും ആസ്വാദ്യവും അക്ലിഷ്ടവുമാണെന്നുള്ളതിൽ പക്ഷാന്തരത്തിനുവഴിയില്ല. ചിന്താരത്നവും കൈവല്യനവനീതവും വേദാന്തവിഷയപ്രതിപാദകങ്ങളായ രണ്ടു വിശിഷ്ടഗ്രന്ഥങ്ങളാണ്. സംസ്കൃതവിവർത്തിതമായ ദേവീമാഹാത്മ്യം കൂടി എഴുത്തച്ഛന്റെ കൃതികളുടെ കൂട്ടത്തിൽ ചേർക്കേണ്ടതാണെന്നു ചിലർക്കു പക്ഷമുണ്ട്.

**കവിത.** എഴുത്തച്ഛന്റെ കാലത്തു കേരളത്തിൽ സാമാന്യേന മൂന്നുവിധത്തിലുള്ള കവിതാമാർഗ്ഗങ്ങളാണ് പ്രചാരത്തിലിരുന്നതു് (1) ശുദ്ധദ്രാവിഡരീതി. സംസ്കൃതാനഭിജ്ഞന്മാരും നിർദ്ധനന്മാരും എന്നാൽ കവിതാവാസനയുള്ളവരുമായ ആളുകൾ എഴുതിയിട്ടുള്ള പാട്ടുകളും മററുമാണ് ഇതിനുദാഹരണങ്ങൾ. രാമചരിതം ശുദ്ധദ്രാവിഡരീതിയിലുള്ള ഒരു കവിതയാണ്. (2) സംസ്കൃതരീതി അതായതു് അക്കാലത്തെ ഉൽകൃഷ്ടവിദ്യയായ സംസ്കൃതത്തിൽ അസാമാന്യപാണ്ഡിത്യം സമ്പാദിച്ച നമ്പൂതിരിമാർ സംസ്കൃതഭാഷയിൽ എഴുതിയി

ട്ടുള്ള കാവ്യങ്ങൾ. നാരായണീയം മുതലായവ സംസ്കൃത രീതിയിൽ എഴുതിയിട്ടുള്ള കാവ്യങ്ങൾക്ക് ഉദാഹരണങ്ങളാണ്. (3) ദ്രാവിഡസംസ്കൃതരീതി സംസ്കൃത ഭാഷാഭിജ്ഞന്മാരേയും അല്ലാത്തവരേയും ഒരുപോലെ രസിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി എഴുതിയിട്ടുള്ള മണിപ്രവാളകവിതകളാണീയിനത്തിൽ ഉൾപ്പെടുന്നവ. ഉണ്ണുനീലിസന്ദേശം മുതലായവ മണിപ്രവാളകൃതികൾക്ക് ഉദാഹരണങ്ങളാണ്. ഈ മണിപ്രവാളരീതി പല വികൃതസന്താനങ്ങളേയും ഭാഷാരീതിക്കു പ്രദാനം ചെയ്യാതെ ഇരുന്നിട്ടില്ല.

"താൾപ്പൂട്ടയന്തിതകരാഃ കറികൊയ്യശേഷഃ"
കാകാഃകരഞ്ഞു മരമേറിയുറങ്ങയന്തി"
"മാടമ്പീനാമവിടെവസതാം"
"പൂപൂകിരേ പന്തലകത്തുമൃകരാ
ച്ചുമൂടിരേമാലചറിച്ചോരോത്തരേ
തതല്ലിരേ തമ്മിലതീവഘോരമായ്
മമണ്ടിരേകൊണ്ടു മണാട്ടിതന്നെയും"

ഇങ്ങിനെയുള്ള പ്രയോഗങ്ങൾ വിനോദത്തിനുവേണ്ടിമാത്രമല്ല ഉണ്ണുനീലിസന്ദേശം മുതലായ ഗ്രന്ഥങ്ങളിൽപോലും കാണുന്നതിൽനിന്ന് ഇതു അക്കാലത്തെ നടപ്പായിരുന്നു എന്നുതന്നെവേണം വിചാരിപ്പാൻ. ഏതായാലും ഇങ്ങനെ കേരളഭാഷക്കു കവിതാവിഷയകമായ ഒരു ഐകരൂപ്യമില്ലാത്ത കാലത്തായിരുന്നു തുഞ്ചത്താചാര്യൻെറ അവതാരം. അദ്ദേഹം ഈ കവിതാസരണികളെ എല്ലാം ഒന്നുടച്ചുവാർത്തു. ഉച്ചനീചവ്യത്യാസം

കൂടാതെ സൎവ്വാദരണീയമായ ഒരു കവിതാമാൎഗ്ഗം നടപ്പിൽ വരുത്തി.

മലയാള ഭാഷാപോഷണത്തിനായി എഴുത്തച്ഛൻ ആദ്യമായിചെയ്തതു് അക്ഷരമാലാപരിഷ്കരണമായിരുന്നു. വട്ടെഴുത്തു് കോലെഴുത്തു് മുതലായ ലിപികളായിരുന്നു അതേവരെ നടപ്പിലിരുന്നതു്. സംസ്കൃതഭാഷാശബ്ദങ്ങളെ മലയാളത്തിലേക്കു സ്വീകരിക്കുമ്പോൾ കേവലം അപൂൎണ്ണമായ ഈ ലിപികൾ മതിയാകയില്ലെന്നും സംസ്കൃതാക്ഷരങ്ങൾ സ്വീകരിക്കാതെ നിവൃത്തിയില്ലെന്നും മനസ്സിലാക്കിയ അദ്ദേഹം ആൎയ്യഎഴുത്തുകളെ പൂൎണ്ണമായി സ്വീകരിച്ചു. അക്ഷരമാലയുടെ പരിഷ്കരണത്തോടുകൂടി ഭാഷയ്ക്കൊരു പുതിയ വേഷവുമുണ്ടായി.

രണ്ടാമതു സംസ്കൃതവിഭക്തി പ്രത്യയാന്തങ്ങളായ സംസ്കൃതപദങ്ങളേയും ഭാഷാപദങ്ങളേയും കൂട്ടിയിണക്കി മണിപ്രവാളകവിതയെ പരിഷ്കരിച്ചു. എന്നാൽ സംസ്കൃതവിഭക്ത്യന്തങ്ങളായ മലയാളപദങ്ങളെ പ്രയോഗിക്കുന്ന സമ്പ്രദായത്തെ തീരെ ഉപേക്ഷിക്കുകകൂടി ചെയ്തു. ദ്രാവിഡവിഭക്തി പ്രത്യയാന്തങ്ങളായ സംസ്കൃതപദങ്ങൾക്കു പ്രചാരം വരുത്തി.

മൂന്നാമതു ഭാഷയെ പോഷിപ്പിക്കുന്നതിനു തൎജ്ജമ സുഗമമായ ഒരു പന്ഥാവാണെന്നു കണ്ടുപിടിച്ചു. പക്ഷെ തൎജ്ജമകൾ വേണ്ടത്ര ഔചിത്യബുദ്ധിയോടും സ്വാതന്ത്ര്യത്തോടുകൂടിയും വേണ്ടതാണെന്ന തത്വം എഴുത്തച്ഛനെപോലെ മററാരും മനസ്സിലാക്കിയിട്ടുണ്ടെന്നു തോന്നുന്നില്ല. ഏതു ഭാഷയിലേക്കു വിവൎത്തനം

ചെയ്യുന്നുവോ ആ ഭാഷ സംസാരിക്കുന്നവരുടെ ആവശ്യത്തേയും രസാനുഭവസാമൎത്ഥ്യത്തേയും തൎജ്ജമക്കാരൻ പ്രധാനമായി നോക്കേണ്ടതാണു് അല്ലാതെചെയ്യുന്ന തൎജ്ജമകൾ ശുഷ്കങ്ങളും ജനോപകാരപ്രദങ്ങളല്ലാതേയും തീരുന്നു.

നാലാമതു ദ്രാവിഡകുടുംബജാതയായ കൈരളിയ്ക്കു സംസ്കൃതവൃത്തങ്ങളെക്കാൾ യോജിക്കുന്നതു് ദ്രാവിഡവൃത്തങ്ങളാണെന്നു അറിഞ്ഞു തദനുസരണം പ്രവൎത്തിച്ചു ഏതു രീതിയിലും ശ്രുതിമധുരമായി പാടുന്നതിനുള്ള സൗകൎയ്യവും അദ്ധ്യാത്മവിഷയങ്ങളെ വ്യക്തമായി പ്രതിപാദിക്കുന്നതിനുള്ള സൗകൎയ്യവും കിളിപ്പാട്ടുവൃത്തങ്ങൾക്കുള്ളതുപോലെ സാംസ്കൃതവൃത്തങ്ങൾക്കില്ല.

**കിളിപ്പാട്ട്.** സരസ്വതീദേവിയുടെ കൈയിലിരിക്കുന്ന കിളിയെക്കൊണ്ടു് ഗാനംചെയ്യിക്കുകയാൽ കിളിപ്പാട്ടെന്നു പേർവന്നതാണെന്നു ചിലരും അറംഎന്ന കാവ്യദോഷം പററാതെ ഇരിക്കുന്നതിനുവേണ്ടി ഈ വിധം കിളിയെക്കൊണ്ടു പാടിച്ചതാണെന്നു മററുചിലരും പുരാണകഥാപ്രവീണനായ ശുകമഹർഷിയുടെ നാമധേയത്തിൽ ശുകത്തെക്കൊണ്ടു ഗാനംചെയ്യിച്ചതാണെന്നു് അപരന്മാരും, അതല്ല ഭഗവാൻ ശുകരൂപത്തിലാണു് എഴുത്തച്ഛനു പ്രത്യക്ഷപ്പെട്ടതെന്നും തന്മൂലം അതിനെ അനുസ്മരിച്ചുകൊണ്ടു ഈ വിധത്തിൽ കിളിയെക്കൊണ്ടു പാടിച്ചതാണെന്നു മററുള്ളവരും തമിഴിലെ പൈങ്കിളി പരാപരക്കണ്ണി എന്നിങ്ങനെയുള്ള വൃത്തങ്ങളെ സ്വീകരിച്ചുകൊണ്ടു കവിതയുണ്ടാക്കിയ

അദ്ദേഹം ആ വൃത്തങ്ങളെ അനുസ്മരിച്ചിങ്ങനെ ചെയ്തതാണെന്നു വേറെ ചിലരും ഇങ്ങിനെ കിളിപ്പാട്ടിനെപ്പററി അഭിപ്രായപ്പെട്ടു കാണുന്നുണ്ട്. പക്ഷെ ശുകങ്ങൾക്കുള്ള ശ്രുതിമാധുര്യത്തെ അടിസ്ഥാനമാക്കി ഈ വിധം ഗാനരൂപത്തിലുള്ള തന്റെ കവിതകളെ ശുകങ്ങളെക്കൊണ്ടു് എഴുത്തച്ഛൻ ഗാനം ചെയ്യിച്ചു എന്നു പറയുന്നതായാൽ അതിൽ അബദ്ധമില്ല.

---

## ഭാരതം.

ഭാരതചക്രവൎത്തിമാരിൽ ഒരാളായ ശന്തനുവിന്റെ പുത്രനായ വിചിത്രവീൎയ്യനു ധൃതരാഷ്ട്രരെന്നും പാണ്ഡു എന്നും രണ്ടു പുത്രന്മാർ വേദവ്യാസപ്രസാദത്താലുണ്ടായി. ഇവരിൽ ജ്യേഷ്ഠനായ ധൃതരാഷ്ട്രർ ജാത്യാന്ധനായിരുന്നതുകൊണ്ടു പാണ്ഡുവാണു രാജ്യം ഭരിച്ചതു്. ധൃതരാഷ്ട്രർക്കു ഗാന്ധാരരാജാവിന്റെ മകളായ ഗാന്ധാരിയിൽ ദുൎയ്യോധനാദികളായ നൂറു പുത്രന്മാരും പാണ്ഡുവിനു വസുദേവസഹോദരിയായ കുന്തിയിൽ ധൎമ്മപുത്രർ ഭീമൻ, അർജ്ജുനൻ, എന്നു മൂന്നും മദ്രരാജാവിന്റെ പുത്രിയായ മാദ്രിയിൽ നകുലൻ സഹദേവൻ എന്ന രണ്ടും ഇങ്ങനെ അഞ്ചുപുത്രന്മാരും ഉണ്ടായി. ഇവരിൽ ദുൎയ്യോധനാദികളെ നൂററുവരെന്നും ധൎമ്മജാദികളെ പാണ്ഡവന്മാരെന്നും വിളിച്ചുവരുന്നു. പാണ്ഡുവിന്റെ മരണാനന്തരം പാണ്ഡവന്മാർ ദുൎയ്യോധനനോടുകൂടി ഹസ്തിനപുരത്തിലാണു താമസിച്ചുവന്നതു്. അതിബാല്യ

ത്തിൽതന്നെ ഇവക്കു പരസ്പരവിദ്വേഷം അങ്കുരിച്ചിരുന്നു. പ്രായപൂത്തിവന്നതോടുകൂടി അതു മൂൎദ്ധന്യദശയെ പ്രാപിക്കുകയുംചെയ്തു. ന്യായമായി രാജ്യാവകാശം ധൎമ്മപുത്രൎക്കായിരുന്നുവെങ്കിലും, ദുൎയ്യോധനൻ അതു സമ്മതിച്ചില്ല എന്നു മാത്രമല്ല പാണ്ഡവരേയും അവരുടെ മാതാവിനേയും കൊല്ലുന്നതിനായി വാരണാവതത്തിൽ അരക്കില്ലം നിൎമ്മിച്ച് അവരെ അവിടെ താമസിപ്പിക്കുകയും ചെയ്തു. ഈ ഗൂഢാലോചനയെപ്പററി നേരത്തെ അറിവുകിട്ടുകയാൽ ആ ആപത്തിൽനിന്നും രക്ഷനേടിയ പാണ്ഡവന്മാർ ഭീഷ്മപിതാമഹൻെറയും മററും സഹായത്താൽ അൎദ്ധരാജ്യത്തിനധിപന്മാരായി ഇന്ദ്രപ്രസ്ഥത്തിൽ വാസമുറപ്പിച്ചു. ഇന്ദ്രപ്രസ്ഥത്തിൽ വച്ച് ധൎമ്മപുത്രർ ദുൎയ്യോധനാദികളെക്കൂടി ക്ഷണിച്ചുവരുത്തി രാജസൂയയാഗം നടത്തി. യാഗാവസാനത്തിൽ മാതുലനായ ശകുനിയുടെ സഹായത്തോടുകൂടി ദുൎയ്യോധനൻ ധൎമ്മജനുമായി ചൂതുകളിച്ചു സർവ്വസ്വവും പിടിച്ചുപറിച്ചു അവരെ വനത്തിൽ തള്ളിയയച്ചു. എന്നാൽ പലരുടേയും അപേക്ഷയനുസരിച്ചു ദുൎയ്യോധനനു പാണ്ഡവന്മാർ 12 വൎഷത്തെ വനവാസവും ഒരു വർഷത്തെ അജ്ഞാതവാസവും കഴിഞ്ഞുവരുന്നപക്ഷം രാജ്യം തിരിയെക്കൊടുക്കാമെന്നു സമ്മതിക്കേണ്ടിവന്നു. പാണ്ഡവന്മാർ ദുൎയ്യോധനൻെറ കരാറനുസരിച്ചു 13 വർഷം കഴിഞ്ഞു മടങ്ങിവന്നു രാജ്യത്തിനാവശ്യപ്പെട്ടതിൽ ദുൎയ്യോധനൻ ഓരോരോ കുതൎക്കങ്ങൾ പുറപ്പെടുവിച്ചതല്ലാതെ കരാറനുസരിച്ചു പ്രവൎത്തിച്ചില്ല. തൻമൂലം ഇരുകൂട്ടരുമായി കുരുക്ഷേത്രത്തിൽവച്ചു 18 ദിവസത്തേ യുദ്ധം

നടന്നു. യുദ്ധത്തിൽ കൗരവപക്ഷം നിശ്ശേഷം നശിക്കുകയും പാണ്ഡവർക്കു ശ്രീകൃഷ്ണകൃപയാ വിജയം സിദ്ധിക്കുകയും ചെയ്തു.

**ഭാരതംമൂലം.** മഹാഭാരതംമൂലം. ആദിപർവ്വം, സഭാപർവ്വം, വനപർവ്വം, വിരാടപർവ്വം, ഉദ്യോഗപർവ്വം, ഭീഷ്മപർവ്വം, ദ്രോണപർവ്വം, കർണ്ണപർവ്വം, ശല്യപർവ്വം, സൗപ്തികപർവ്വം, സ്ത്രീപർവ്വം, ശാന്തിപർവ്വം, അനുശാസനപർവ്വം, ആശ്വമേധികപർവ്വം ആശ്രമവാസികപർവ്വം, മൗസലപർവ്വം, മഹാപ്രസ്ഥാനികപർവ്വം, സ്വർഗ്ഗാരോഹണപർവ്വം ഇങ്ങനെ പതിനെട്ടു പർവ്വങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഇവയിലെല്ലാംതന്നെ അനവധി അവാന്തരപർവ്വങ്ങളും ഓരോ പർവ്വങ്ങളിലും അവാന്തരപർവ്വങ്ങളിലും അനവധി അദ്ധ്യായങ്ങളുമുണ്ട്. ഓരോ അദ്ധ്യായങ്ങളും നിരവധി ശ്ലോകങ്ങളെ ഉൾക്കൊള്ളുന്നവയാണ്. സാമാന്യേന മഹാഭാരതം പതിനെട്ടു പർവ്വങ്ങളിലായി തൊണ്ണൂററിഎട്ടു് അവാന്തരപർവ്വങ്ങളും 2312 അദ്ധ്യായങ്ങളും 96645 ശ്ലോകങ്ങളുമാണുള്ളതു്. ഇത്ര മഹത്തായ ഒരു ഇതിഹാസഗ്രന്ഥത്തെയാണ് എഴുത്തച്ഛൻ സംഗ്രഹിച്ചു ഇന്നുകാണുന്ന രീതിയിലാക്കിയിരിക്കുന്നതു്. വാസ്തവം പറയുകയാണെങ്കിൽ കാവ്യത്തിനു സ്വാരസ്യവും ആത്രിമമായ രമണീയതയും എഴുത്തച്ഛന്റെ ഭാരതത്തിൽ കാണുംപോലെ മൂലത്തിലുണ്ടോ എന്നു സംശയിക്കത്തക്ക വിധത്തിലാണതിന്റെ ദൈർഘ്യംമൂലമുള്ള ദുർഗ്രഹത.

മലയാളമഹാഭാരതത്തിൽ ഇരുപത്തിഒന്നു ഭാഗങ്ങളാണുള്ളത്. വന്യലോമവും ആസ്തികവും പ്രത്യേക പർവ്വങ്ങളായി എഴുത്തച്ഛൻ കണക്കാക്കിയിട്ടില്ല. മൂലത്തിൽകാണുന്ന സൗസ്തികപർവ്വം ഭാഷയിൽ സൗപ്തികമെന്നും ഐഷികമെന്നും രണ്ടായി തിരിഞ്ഞിരിക്കുന്നു. ആദിപർവ്വത്തെ സംഭവപർവ്വമാക്കുകയും ചെയ്തിട്ടുണ്ടു്. ചുരുക്കത്തിൽ ഇത്രയുമാണു മൂലഗ്രന്ഥഗാത്രത്തിൽ നിന്നും മലയാളഭാരതഗാത്രത്തിൽ വരുത്തിയിട്ടുള്ള വ്യത്യാസങ്ങൾ.

മൗസലം. ധർമ്മജന്റെ രാജ്യഭരണപാടവം പ്രശംസാർഹമായിരുന്നു. സമാധാനവും ധനസമൃദ്ധിയും ധർമ്മനിഷ്ഠയും രാജ്യമെങ്ങും കളിയാടി. രാജാവും ഗുണമുള്ളവനെങ്കിൽ കലിയുഗം കൃതയുഗത്തെക്കാൾ സൗഖ്യമെന്നു ധർമ്മജൻ തെളിയിച്ചു. ഇങ്ങനെ രാജ്യഭാരം നടത്തിക്കൊണ്ടിരിക്കവേ മുപ്പത്താറാംവർഷവും വന്നു. ദുശ്ശകുനങ്ങൾ പലതും കണ്ടുതുടങ്ങി. പാണ്ഡവന്മാർ ഇനിയുള്ളകാലം വനത്തിൽപോയി തപംചെയ്യണമെന്നുതന്നെ തീർച്ചയാക്കി. ഈ ആലോചനയ്ക്കിടയിലാണു യദുകുലനാശം അവർക്ക് അറിവായതു്.

ഒരിക്കൽ ഭൃഗു, ഭരദ്വാജൻ, കാശ്യപൻ മുതലായ തപോധനന്മാർ ഭഗവാനെ കണ്ടു വന്ദിക്കാനായി ദ്വാരകയിൽ ചെന്നു. കൃഷ്ണന്റെ പുത്രന്മാരും പൗത്രന്മാരും കൂടി അവരെ ആക്ഷേപിക്കണമെന്നുള്ള ഉദ്ദേശത്തിൽ സാംബനെ ഗർഭിണിയുടെ വേഷം ചമയിച്ചു. മഹർഷിമാർ സമീപമെത്തിയപ്പോൾ ഇവൾ പ്രസവിക്കുന്നതു

ആണോ പെണ്ണോ, എന്നു ചോദിച്ചു. "ഒരു ഇരുമ്പുലക്കയായിരിക്കും ഇവൾ പ്രസവിക്കുന്നതു് അതുകൊണ്ടു കുലനാശവും വരു"മെന്നായിരുന്നു മഹർഷിമാരുടെ മറുപടി.

സാംബൻ ഇരുമ്പുലക്ക പ്രസവിച്ചു. ഭീതരായ യാദവർ ഓടിച്ചെന്നു കൃഷ്ണനോടു വിവരം പറഞ്ഞപ്പോൾ രാകിപ്പൊടിച്ചു സമുദ്രത്തിൽ കലക്കിക്കളയാനായിരുന്നു കല്പന. അവർ ആവിധംതന്നെ പ്രവൎത്തിച്ചു. പൊടിയാതെ ഒടുവിൽ ശേഷിച്ചകഷണവും സമുദ്രത്തിൽ എറിഞ്ഞു. അതു മത്സ്യംവന്നു വിഴുങ്ങി. മത്സ്യോദരത്തിൽ കണ്ട ഇരുമ്പുകഷണം മുക്കവൻ ഒരു കാട്ടാളനു നൽകി. അവൻ അതുകൊണ്ടൊരു ശരവും തീൎത്തു. സമുദ്രത്തിൽ കലക്കിയ പൊടി തിരയടിച്ചു കരപററി ഏരകപ്പുല്ലുകളായും മുളച്ചുവളൎന്നു.

ദ്വാരകയിൽ ആപൽശകുനങ്ങൾ കണ്ടുതുടങ്ങി. സമുദ്രസ്നാനംചെയ്തു പുണ്യമാർജിക്കണമെന്ന ഉദ്ദേശത്തോടേ ഭഗവാൻ പുത്രപൗത്രാദികളോടും പൗരന്മാരോടുംകൂടി സ്നാനത്തിനിറങ്ങി. കുളിയും ദേവപൂജയും പിതൃതൎപ്പണാദികളും കഴിഞ്ഞു ഉത്സാഹത്തിൽ മുഴുകി നേരമ്പോക്കുകളും പറഞ്ഞിരുന്ന അവർ പഴയകാൎയ്യങ്ങളെപ്പററി വിവദിക്കാനാരംഭിച്ചു. കലി കാൎയ്യമായി. യാദവന്മാർ ഇരുഭാഗമായി പിരിഞ്ഞുതമ്മിൽതല്ലി ആയുധങ്ങൾക്കു പകരം ഏരകപ്പുല്ലുകൾ പറിച്ചു് അങ്ങോട്ടുമിങ്ങോട്ടും പ്രഹരിച്ചു നശിച്ചു. ഇതു കണ്ടു ബലരാമൻ സമുദ്രത്തിൽ ചാടി ആത്മഹത്യതന്നെ ചെയ്തു.

ഇതെല്ലാം കണ്ടു സന്തുഷ്ടനായ ഭഗവാൻ ഒരു ആൽത്തറയിൽ ധ്യാനനിരതനായിരിക്കെ സാംബൻ പ്രസവിച്ച ഇരുമ്പുലക്കയുടെ കഷണത്താലുണ്ടാക്കിയ അസ്ത്രംകൊണ്ടു് ഒരു വ്യാധൻ അദ്ദേഹത്തിൻെറ കാലിൽ എയ്തു. അതോടെ അദ്ദേഹവും ദിവ്യപദം പ്രാപിച്ചു. ശ്രീകൃഷ്ണൻെറ ദേഹവിയോഗത്തോടുകൂടി ദ്വാരകയുടെ ഐശ്വര്യം നശിച്ചു. കല്പവൃക്ഷം ദേവലോകത്തേക്കുതന്നെ പോയി. ബന്ധുമിത്രാദികളിൽ ശേഷിച്ചവർ അപ്പോഴേ ആത്മഹത്യചെയ്തു.

സംഗതികളറിഞ്ഞു് അവിടെ എത്തിയ അർജ്ജുനൻ എല്ലാവരുടേയും ഉദകക്രിയാദികൾ ചെയ്തു. ശേഷിച്ച സ്ത്രീകളേയും ധനവുമായി സ്വദേശത്തേക്കു തിരിച്ച അർജ്ജുനനെ വനമദ്ധ്യത്തിൽവച്ചു് ഒരു കൂട്ടം കാട്ടാളന്മാർ വളഞ്ഞു. സ്ത്രീകളെ അവർ പിടിച്ചുകൊണ്ടുപോയി. ധനം അപഹരിച്ചു. തന്മൂലം വിഷണ്ണനായ ഗാണ്ഡീവധന്വാവ് കഥ മനസ്സിലാകാതെ പരിഭ്രാന്തനായി നില്ക്കുന്ന അവസരത്തിൽ വേദവ്യാസൻ അവിടെ എത്തി തത്വോപദേശം ചെയ്തു മറഞ്ഞു.

വസ്തുതകളെല്ലാം അർജ്ജുനനിൽ നിന്നും ധർമ്മപുത്രാദികൾ അറിഞ്ഞു. ധർമ്മജൻ അടക്കാൻ വയ്യാത്ത ദുഃഖത്താൽ വിമൂഢധീയായി. ഒടുവിൽ ധർമ്മജൻ അഭിമന്യു പുത്രനായ പരീക്ഷിത്തിനെ ഒരു രാജാവായി വാഴിച്ചിട്ടു അനുജന്മാരോടും പാഞ്ചാലിയോടും കൂടി മഹാപ്രസ്ഥാനത്തിനാരംഭിക്കുകയും ചെയ്തു. ഇതാണു് മൗസലപർവ്വത്തിലെ കഥയുടെ ചുരുക്കം.

**മൂലവും തർജ്ജമയും** മൂലത്തിൽ മന്നൂറിൽ പരം പദ്യങ്ങളെക്കൊണ്ടു വിസ്തരിക്കപ്പെട്ടിട്ടുള്ള പ്രസ്തുത കഥയെ എഴുത്തച്ഛൻ എഴുനൂറിൽ പരം വരികളെകൊണ്ടാണു വിവൎത്തനം ചെയ്തിട്ടുള്ളതു്. ഇതിൽ നിന്നും മഹാഭാരതത്തിൻെറ മററു ഭാഗങ്ങൾ ചുരുക്കിയതുപോലെ മൗസലപൎവ്വം ചുരുക്കിയിട്ടില്ലെന്നു മാത്രമല്ല അല്പമൊന്നു വിപുലമാക്കിയിട്ടും ഉണ്ടെന്നു വെളിപ്പെടുന്നു. എഴുത്തച്ഛൻെറതർജ്ജമ യഥാൎത്ഥമായ രീതിയെ അല്ല അവലംബിച്ചിരിക്കുന്നതു്. മൂലത്തിൽ അസംഗതങ്ങളായി തനിക്കു തോന്നുന്ന ഭാഗങ്ങളെ ഉപേക്ഷിക്കുകയും സംഗതങ്ങളെന്നുതനിക്കുതോന്നുന്ന ഭാഗങ്ങളെ ഔചിത്യബുദ്ധിയോടുകൂടി കൂട്ടിച്ചേൎക്കുകയുമാണു് പതിവു്. ഈ മൗസലപൎവ്വത്തിൽതന്നെ ഇതിനു ദൃഷ്ടാന്തങ്ങൾ ധാരാളമുണ്ടു്.

യുധിഷ്ഠിരൻെറ രാജ്യഭരണംകൊണ്ടുള്ള ഗുണങ്ങളെപ്പററി മൂലത്തിൽ ഒന്നും പറഞ്ഞു കാണുന്നില്ല. എന്നാൽ എഴുത്തച്ഛനാകട്ടെ,

ഭരതഹേഹയനഹുഷരാഘവ
കുരുപുരുപുരുരവാ ഭഗീരഥ
സഗരമാന്ധാതൃപൃഥുനളശിബി
നൃഗ,തിമി,ബലി രഘുസുഹോത്രാദി
പലപലദിവ്യനരപതിവീര
രലസഭാവം കൈവെടിഞ്ഞുഭൂതലം
പരിപാലിച്ചനാളിവണ്ണം വന്നതി
ല്ലൊരുസൗഖ്യം പ്രജാസമിതിക്കുന്നനം

പൃഥ്വീപാലകൻ ഗുണവാനെന്നാകിൽ
കൃതയുഗത്തിലും കലിയുഗം നല്ലു.

എന്നിങ്ങനെ വർണ്ണിക്കുന്നു. സാക്ഷാൽ സത്യധർമ്മാദിനിഷ്ഠനും സർവ്വേശഭക്തനുമായ ധർമ്മജൻെറ രാജ്യഭരണസമ്പ്രദായത്തെപ്പററിയും അതിൻെറ ഫലത്തെപ്പററിയും അറിയുന്നതിനു വായനക്കാൎക്കു ജിജ്ഞാസയുണ്ടാകാതിരിക്കയില്ലെന്നും അതിനെപ്പററി രണ്ടുവാക്കെങ്കിലും പറയാതിരിക്കുന്നതു് വാസ്തവത്തിൽ കൃതഘ്നതയുടെ ഒരു ലക്ഷണമായി തീരുന്നതിനിടയുണ്ടെന്നുമുള്ള ഒരു വിചാരവും എഴുത്തച്ഛനുണ്ടായിരിക്കാം.

ജ്യോതിശ്ശാസ്ത്രവിശാരദനായ സഹദേവനെക്കൊണ്ടു പറയിക്കുന്ന കലിയുഗധർമ്മവും മൂലത്തിലുള്ളതല്ല. ഹൃദയംഗമവും വാസ്തവവുമായ വർണ്ണന ഉപേക്ഷിച്ചാൽ ഗ്രന്ഥത്തിൻെറ ജീവൻ തന്നെ നഷ്ടമായിപ്പോകയില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

ഇനിയുള്ള കാലം കലിയുഗമത്രേ
മുനിജനങ്ങളും മറഞ്ഞുപോമെല്ലോ
മഴയും പെയ്യയില്ലിനിവേണ്ടുന്നേരം
വഴിയേഭൂമിയും വിളകയില്ലല്ലോ
കൊടിയകാററുണ്ടായ് മരങ്ങളും വീഴും
പടുതീയും പിടിപെടും ഗൃഹം തോറും
ചതിച്ചുകൊൽകയും പൊളിപറകയും
വിധിച്ചകർമ്മങ്ങളവ ചെയ്യായ്കയും
പിതൃക്രിയകളും വഴിയെചെയ്കയി-
ല്ലതിക്രമിച്ചിട്ടും ഗുരുജനത്തെയും

നിജകുലവിദ്യ പഠിക്കയില്ലാരും
പ്രജകളും നന്നായ് വരികയില്ലഃല്ലാ
ദ്വിജന്മാർ പൂണനൂൽകളകയില്ലൊരു
ഭജനം മററില്ല കൃപയുമില്ലാക്കും
നൃപന്മാർനാട്ടിലുള്ളവരോടുകട്ടും
കവൎന്മാൎജ്ജിക്കും വെറുതെവിത്തവും
ഉരുട്ടൊഴിഞ്ഞിട്ടില്ലൊരുവൻമൎത്ഥം
പഠിക്കും കള്ളോടത്തിനും കള്ളവത്തേ
കലിയുഗത്തിലുള്ളവസ്ഥകളിവ
പലതുമിങ്ങനെ പറയുന്നു പാൎത്താൽ

എഴുത്തച്ഛൻെറ സ്വാമനോധൎമ്മം എത്ര മഹത്തരമായിരിക്കുന്നു. ഇവയിൽ ഒന്നെങ്കിലും ഇന്നു നടക്കാത്തതായിട്ടുണ്ടോ? കവികൾ ക്രാന്തദൃഷ്ടികളാണെന്നു പറയുന്നതിൽ എത്രമാത്രം വാസ്തവമുണ്ടെന്ന് ഇതുകൊണ്ടു തന്നെ നമുക്കു മനസ്സിലാൻ കഴിയും.

സാംബൻ പ്രസവിച്ച ഇരുമ്പുലക്ക രാകിപ്പൊടിച്ചു സമുദ്രത്തിൽ കലക്കി എന്നുള്ളതും സമുദ്രത്തിൽ കലക്കിയ പൊടി അടിഞ്ഞുകയറി തീരപ്രദേശത്തിൽ ഏരകതൃണങ്ങളായി വളൎന്നു എന്നുള്ളതും രാകാതെ ശേഷിച്ച കഷണം സമുദ്രത്തിൽ നിക്ഷേപിച്ചുകളഞ്ഞു എന്നുള്ളതും മത്സ്യം വിഴുങ്ങിയ ആ കഷണം മുക്കുവനിൽനിന്നും ലഭിച്ച വ്യാധൻ അതുകൊണ്ടൊരു ശരമുണ്ടാക്കി എന്നുള്ളതും എഴുത്തച്ഛൻ ഭാഗവതത്തിൽ സ്വീകരിച്ചിട്ടുള്ളതാണ്. മൂലത്തിൽ അത്ര സ്പഷ്ടമായൊന്നും പ്രതിപാദിച്ചിട്ടില്ല.

ധനഞ്ജയൻ താനും ഭഗവാനേക്കാണ്മാൻ
തനിയേശ്രീമദ്വാരകയകംപുക്കാൻ
അരവിന്ദോത്ഭവപുരഹരാദിക
ളരവിന്ദാക്ഷനെ സ്തുതിചെയ്തീടിനാർ.

ഈ ഭാഗവും മൂലത്തിലുള്ളതല്ല. കൃഷ്ണഗാഥയിൽ കാണുന്നുണ്ടുതാനും. മൂലത്തിൽ ദാരുകനെ അയച്ച് അർജ്ജുനനെ ദ്വാരകയിൽ വരുത്തിയെന്നാണ്. ഭക്താഗ്രേസരനായ അർജ്ജുനൻ തനിയെ ദ്വാരകയിൽ എത്തി എന്നു പറയുന്നതു് കുറേക്കൂടി നന്നായിരിക്കുന്നു.

ഭഗവദ്വ്യോഗംപരിചൊടുകണ്ടു
ഭഗവത്ഭക്തനുദ്ധവരും ചൊല്ലിനാൻ
തിരുമനസ്സെന്തൊന്നറിയാഞ്ഞിങ്ങുള്ളിൽ
പരിതാപം പാരം മമഭഗവാനേ.

എന്നിങ്ങനെ തുടങ്ങുന്ന ശ്രീകൃഷ്ണോദ്ധവസംവാദം ഭാഗവതത്തിൽ നിന്നെടുത്തുചേർത്തതാണ്. മൂലത്തിൽ ഇങ്ങനെ ഒരുസംഭവത്തെപ്പററി ഒററ വാക്കുപോലും പറഞ്ഞിട്ടില്ല.

ഇതുപോലെതന്നെ ദ്വാരാവതിയിൽ കണ്ട ഉൽപാതങ്ങളെപ്പററിയുള്ള വർണ്ണനയും കൃതവർമ്മാവും സാത്യകിയും തമ്മിൽ പിണങ്ങാനുണ്ടായ കാരണത്തെപ്പററിയുള്ള വിവരണവും കാലനിലകണ്ടു് ഗാന്ധാരിയുടെ ശാപം യഥാർത്ഥമാക്കാൻ ഭഗവാൻ നിശ്ചയിച്ചതായി മൂലത്തിൽ കാണുന്ന കാര്യവും എഴുത്തച്ഛൻ ഉപേക്ഷി

ച്ചതായിരുന്നു ഇനിയും ഇതുപോലെ പല സന്ദർഭങ്ങളും മൗസലപർവത്തിലുണ്ട് വിസ്തരഭയത്താൽ ചുരുക്കുന്നു.

## മൗസലം എന്തു പഠിപ്പിക്കുന്നു.

ശ്രീകൃഷ്ണന്റെ ബലംവച്ചുകൊണ്ട് അഹങ്കാരികളായിതീർന്ന യാദവന്മാക്ക് വന്ന അനുഭവം സാധാരണ ലോകഗതിയിൽ കാണുന്നതുതന്നെയാണ്. യാദവന്മാർ നിസ്സാരകാരണത്തിൽ സാത്യകികക്ഷിയും കൃതവമ്മകക്ഷികളുമായി പിരിഞ്ഞു അന്യോന്യം തമ്മിത്തല്ലി മരിക്കയാണല്ലോ ചെയ്തതു്. ഭിന്നിപ്പ് സമുദായങ്ങളെ നശിപ്പിക്കുന്നതിനുള്ള പ്രധാന കാരണമാണെന്നും അഹങ്കാരം ഒടുവിൽ നാശഹേതുവാണെന്നും ഇതിൽനിന്നു നമുക്കു പഠിക്കാം. ബലരാമന്റെ അനുഭവം എന്തായിരുന്നു. ബലവീര്യപരാക്രമശാലിയായി അദ്ദേഹം വിചാരിച്ചാൽ യാദവന്മാരുടെ വഴക്കൊതുക്കിത്തീക്കാൻ സാധിക്കയില്ലേ. അതിനു അദ്ദേഹം ഒരുങ്ങിയോ? സമുദ്രത്തിൽ ചാടി ആത്മഹത്യചെയ്കയല്ലേ ഉണ്ടായതു് വിനാശകാലത്തിൽ വിപരീതബുദ്ധിയാണു സകലക്കും ഉണ്ടാകുന്നതു്. ഒരു പക്ഷേ വിധിയുടെ അലംഘനീയമായ മഹിമാതിശയത്താൽ തൽക്കാലം ഒന്നും തോന്നാതെപോയി എന്നും വന്നിരിക്കാം. ഏതായാലും ഭവിതവ്യത ബലിയസിതന്നെ എന്നുള്ളതിനു തക്കമില്ല.

വില്ലാളിവീരനായ അർജ്ജുനന്ന്, കൗരവയുദ്ധത്തിൽ പ്രധാന ഭാഗഭാക്കായി അനവധി മഹാരഥന്മാരെ കൊന്നൊടുക്കിയ ആ ലോകൈകവീരന് ഒടുവിൽ എന്തുപററി. ദ്വാരകയിൽനിന്നു കയററിക്കൊണ്ടുപോയ ധ

നവും സ്ത്രീകളേയും കാട്ടാളന്മാർ അപഹരിച്ചു. അവരോടെതിർത്തുനിൽക്കുന്നതിന് അദ്ദേഹത്തെക്കൊണ്ടു സാധിച്ചില്ല. ഗാണ്ഡീവം എടുത്തുകൊണ്ടു നടക്കാൻതന്നെ അദ്ദേഹം അശക്തനായിതീൎന്നു.

ബുദ്ധിയും ബലവുംപിന്നെ തേജസ്സും പ്രതിപത്തിയും
ഭവകാലത്തിലുണ്ടാകും മറിച്ചായാൽ നശിച്ചുപോം.
കാലമൂലംസൎവ്വമെന്നീജ്ജഗൽബീജം ധനഞ്ജയ
കാലംതന്നെയെടുത്തീടുമിതുവീണ്ടും യദൃച്ഛയാൽ

മൂലത്തിൽകാണുന്ന ഈ ഭാഗം എത്ര അൎത്ഥവത്തായിരിക്കുന്നു.

കാലമാണു സൎവ്വത്തേയും സൃഷ്ടിക്കുന്നതു്. കാലം തന്നെ എല്ലാം നശിപ്പിക്കുകയുമുണ്ടായി. അൎജ്ജുനനു ബലവീൎയ്യപരാക്രമങ്ങൾ ഉണ്ടായതു നല്ലകാലത്തിന്റെ മാഹാത്മ്യം നിമിത്തമായിരുന്നു. കാലം മാറിയതോടു കൂടി ബലവീൎയ്യാദികളും അസ്തമിച്ചു. ലോകത്തിന്റെ അവസ്ഥയാണിതു്. ഇതിൽ ക്ലേശിച്ചിട്ടാവശ്യമില്ല. ലോകത്തിൽ മഹാന്മാൎക്കുണ്ടാകുന്ന അനുഭവംതന്നെ ശ്രീകൃഷ്ണനും ഉണ്ടായി. ആ ജഗദന്തൎയ്യാമിക്കും വിധിയെ മാററിനിൎത്തുവാൻ സാധിച്ചില്ല. നിസ്സാരനായ ഒരു വേടന്റെ അമ്പേററു് അദ്ദേഹവും ദിവ്യപദം പ്രാപിച്ചു ഇതിൽനിന്നെല്ലാം വിധിക്കാണു് സൎവ്വപ്രാധാന്യമെന്നും അതിനെ മാററിനിൎത്താൻ അവതാരപുരുഷന്മാൎക്കുപോലും സാധിക്കുകയില്ലെന്നും നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

വൃത്തം. ദ്രാവിഡവൃത്തമായ അന്നനടയാണ് മൗസലപർവ്വത്തിലെ വൃത്തം. അതിന്റെ വൃത്താകാരത്തിൽ കൊടുത്തിരിക്കുന്ന ലക്ഷണംതന്നെ ഇവിടെ പകത്താം.

"ലഘുപൂർവ്വംഗുരുപരമീമട്ടിൽ ദ്വ്യക്ഷരംഗണം
ആറെണ്ണം മദ്ധ്യയതിയാലർദ്ധിതം മുറിരണ്ടിലും
ആരംഭേനിയമംനിത്യമിതന്നനടയെന്നശീൽ"

പാദമൊന്നിനു മുൻലഘുവും പിൻഗുരുവുമായിട്ട് ഈരണ്ടക്ഷരമുള്ള ഗണം ആറ്, നടുക്കുയതി ചെയ്തു പാദത്തെ രണ്ടർദ്ധമായിട്ടു മുറിക്കണം, രണ്ടു മുറിയുടേയും ആദ്യഗണത്തിൽ മുൻലഘു പിൻഗുരു എന്നുള്ള നിയമം അവശ്യമനുഷ്ഠിക്കണം. ശേഷം നാലു ഗണങ്ങളിൽ തെററിയാലും തരക്കേടില്ല. ഇതു് അന്നനട.

ഒളശ്ശ,
19—11—1114.

ശാസ്ത്രി മഹോപാദ്ധ്യായ,
കെ. എസ്. നീലകണ്ഠനുണ്ണി.

# ശ്രീ മഹാഭാരതം.

# മൗസലപർവ്വം.

ഹരിഃ ശ്രീ ഗണപതയെ നമഃ. അവിഘ്നമസ്തു.

വരികരികിരികിളിമകളേനീ
വരിനെല്ലിന്നവലരിവറുത്തെള്ളും
നവനാളികേരസലിലവുംപാലും
നവനീതമോടുള്ളകദളിയും
മധുസിതാദിയുംതരുവൻവൈകാതെ
മധുരമാംവണ്ണം പറകശേഷവും
ഹരിമുരവൈരി നരകാരിശൗരി
കരിപരിവൃഢപരിതാപഹാരി
ദുരിതനാശനനമരാരിവൈരി
ചരിതരീതികളുരചെയ്തീടുക
വിരവോടുകാലം കളയാതെവൃഥാ
നരജനനംനീ സഫലമാക്കണം
ശുകതരുണികൾ മണികളുമായി
സുഖംവരുമാറു പറഞ്ഞാളന്നേരം
മനസാവിഷ്ണുരാതനും വൈശമ്പായ
നനാംമുനിവരനൊടു ചോദിച്ചിതു

നയനഹീനനാം നരപതിവാനോ-
രയനംപ്രാപിച്ചോരനന്തരം നൃപൻ
പിതൃപതിസുതൻ പ്രവൎത്തിച്ചതെന്തു
മധുരിപുനാഥനനുഷ്ഠിച്ചവാറും
തദനുവൈശമ്പായന മുനിവരൻ
മുദിതനായുടനരുൾചെയ്തീടിനാൻ
ശൃണുനരവരകഥാശേഷംചൊൽവൻ
ഗുണവാനാകിയ നൃപതിധൎമ്മജൻ
ധരണീമണ്ഡലംപരിപാലിച്ചവാ-
റുരചെയ്തീട്ടവാൻ പണിയത്രേതുലോം
ഭരതഹേഹയനഹുഷരാഘവ
കരുപൂരുപുരൂരവാഭഗീരഥ
സഗരമാന്ധാതൃപൃഥുനളശിബി
നൃഗനിമിബലിരഘുസുഹോത്രാദി
പലപലദിവ്യനരപതിവീര-
രലസഭാവംകൈവെടിഞ്ഞുഭൂതലം
പരിപാലിച്ചനാളി വണ്ണംവന്നതി
ല്ലൊരുസൗഖ്യംപ്രജാസമൃദ്ധിക്കന്നും
പൃഥിവിപാലകൻ ഗുണവാനെന്നാകിൽ
കൃതയുഗത്തിലും കലിയുഗംനല്ല
അധൎമ്മവിത്തെങ്ങും മുളയാതെഭുവി
സ്വധൎമ്മനിഷ്ഠയാവസിച്ചിതുലോകം
അഥമുപ്പത്താറാം വരിഷവുംവന്നു
പ്രതിഭയങ്ങളായുടനുടനുടൻ
പെരികെദുൎന്നിമിത്തവും കാണായ്വന്നു

പരിതാപംപൂണ്ടു യുധിഷ്ഠിരനപ്പോൾ
അതു സഹദേവനോടുപറഞ്ഞതപ്പോൾ
കുതുകംപൂണ്ടുടനവനുരചെയ്തു
ഇനിയുള്ളകാലം കലിയുഗമത്രേ
മുനിജനങ്ങളുംമറഞ്ഞുപോമല്ലോ
മഴയുംപെയ്കയില്ലിനിവേണ്ടുന്നേരം
വഴിയെഭൂമിയും വിളകയില്ലല്ലോ
കൊടിയകാററുണ്ടായ്മരങ്ങളുംവീഴും
പടുതീയുംപിടിപെടുംഗൃഹംതോറും
ചതിച്ചുകൊൽകയുമ്പൊളിപറകയും
വിധിച്ചകമ്മങ്ങളവചെയ്യായ്കയും
പിതൃക്രിയകളുംവഴിയെചെയ്കയില്ല-
തിക്രമിച്ചീടും ഗുരുജനത്തെയും
നിജകുലവിദ്യ പഠിക്കയില്ലാരും
പ്രജകളുംനന്നായ്വരികയില്ലല്ലോ
ദ്വിജന്മാർ പൂണുനൂൽകളകയില്ലൊരു
ഭജനംമററില്ലകൃപയുമില്ലാക്കും
നൃപന്മാർനാട്ടിലുള്ളവരോടുകട്ടും
കവൎന്നുമാർജ്ജിക്കുംവെറുതെവിത്തവും
ഉരുട്ടൊഴിഞ്ഞിട്ടില്ലൊരുവനുമത്ഥം
പഠിക്കുംകച്ചോടത്തിനും കളവത്രെ
കലിയുഗത്തിലുള്ളവസ്ഥകളിവ
പലതുമിങ്ങനെ പറയുന്നപ്പാത്താൽ
പൊറുതിയില്ലേതുമവനിയിലിനി
പ്പുറപ്പെടുകവേണ്ടതുവൈകാതെന്നാം
ഇതു സഹദേവൻപറഞ്ഞിരിക്കുമ്പോൾ

യദുകുലനാശംഝടിതികേൾക്കായി
ഇവണ്ണംതാപസനരുൾചെയ്തീടിനാ
നവനിനായകൻ തൊഴുതുചോദിച്ചു.
കിമപിവിസ്തരിച്ചരുളിച്ചെയ്യണം
കമലനേത്രൻ തന്നുടെലോകപ്രാപ്തി
യദുകുലമെല്ലാമൊടുങ്ങിയവാറും
കുതുകമോടുടനരുളിച്ചെയ്യണം
തെളിഞ്ഞുവൈശമ്പായനനരുൾചെയ്തു
കളികൾകേൾക്കെങ്കിൽ കമലാക്ഷൻതന്റെ
വിളയാട്ടുംമായാമഹിമയുമെല്ലാം
വിളങ്ങിടുംനിജനിലയപ്രാപ്തിയും
ധരണീവല്ലഭൻ കരുണാവാരിധി
സരസിജനേത്രൻ തിരുവടിമുദാ
വിളങ്ങുംദ്വാരകാപുരിയിലാമ്മാറു
തെളിഞ്ഞുവാഴുന്നാളകമേചിന്തിച്ചാൻ
ഒരുവണ്ണം ഭൂമിഭരംകളഞ്ഞുഞാൻ
പെരിയഭാരതസമരവ്യാജത്താൽ
ഒരുക്കൂട്ടംദുഷ്ടരൊടുങ്ങികേവല-
മൊരുക്കൂട്ടംദുഷ്ടരുളവായുംവന്നു
മമസുതന്മാരായവർക്കൊരുനാളും
ശമനമാരാലുംവരികയുമില്ല
അവരെയുംകൂടെയൊടുക്കിക്കൊള്ളുവാ-
നവകാശമെന്നോർത്തിരുന്നരുളുമ്പോൾ
ഭൃഗുഭരദ്വാജവസിഷ്ഠകാശ്യപാ-
ദ്യഖിലതാപസരൊരുമിച്ചേകദാ

ഭഗവാനെക്കാണ്മാനെഴുന്നള്ളുന്നേരം
ഭഗവൽപുത്രന്മാർപലരുമൊന്നിച്ചു
മുനികളെക്കണ്ടു മനസിചിന്തിച്ചാർ
ഇനിയിവരെനാം വലയ്ക്കേണമിപ്പോൾ
ഝടിതിസാംബനെച്ചമയിച്ചീടിനാ-
രുടലുംഗർഭിണിയുടെവടിവാക്കി
മുനിവരന്മാർതൻതിരുമുമ്പിൽവെച്ചു
വിനയംഭാവിച്ചുതൊഴുതുചോദിച്ചാർ
ഇവൾപെറുന്നതു പുരുഷനോപെണ്ണോ
ദിവസമേതെന്നുമരുളിച്ചെയ്യണം
അതുകേട്ടന്യോന്യമവരുംനോക്കിക്ക-
ണ്ടതിനൊരുത്തരമരുൾചെയ്തീടിനാർ
അടുത്തിരിക്കുന്നിതിവൾക്കുപേറിപ്പോൾ
പടുതപമേറീട്ടമിരുമ്പുലക്കയെ-
തതിനാലെകുലംമുടിയുംനിങ്ങൾക്കെ-
ന്നതിനുകില്ലില്ലെന്നതുമരുൾചെയ്താർ
മുരരിപുമതമറിഞ്ഞുമാമുനി
വരന്മാരുംവിരഞ്ഞെഴുന്നള്ളീടിനാർ
സകലലോകനായകനെയും കണ്ടു
ഭഗവത്ഭക്തന്മാർ മറഞ്ഞിതക്കാലം
ചിരിച്ചുഭാഷിച്ചുനടന്നുബാലന്മാർ
വിറച്ചുസാംബനുംപ്രസവിച്ചീടിനാൻ
ഇരിമ്പുലക്കകണ്ടതിഭയംപൂണ്ടു
പരൻപുരുഷനോടുണർത്തിച്ചീടിനാർ
യദുരാജൻതന്നോടറിയിക്കെന്നതു
മധുരിപുതാനുമതുകേട്ടനേരം

അവരും ഭൂപാലനൊടുപറഞ്ഞിതു
മവനീശൻതാനും പുനരുരചെയ്താൻ
ഇരിമ്പുലക്കയതഖിലംനിങ്ങള
മരംകൊണ്ടുരാകിപ്പൊടിച്ചുവൈകാതെ
കലക്കകാഴിയിൽ പുനരെന്നാലുമി-
ക്കുലത്തിനുനാശമിളക്കരുതല്ലൊ
അതുപൊടിച്ചവരുദധിയിലിട്ടാ
രതുപൊഴുതൊരുകഷണംശേഷിച്ചു
അതുസമുദ്രത്തിലെറിഞ്ഞതുമൊരു
പൃഥുരോമംചെന്നു വിഴുങ്ങീതന്നേരം
വലയിൽകിട്ടിമത്സ്യവുംകൈവൎത്തനു
കൊലചെയ്തുകീറിയതുനേരംകണ്ടു-
എടുത്തുകാട്ടിനാനിരിമ്പുതൻഖണ്ഡം
കൊടുത്താൻകാട്ടാളൻതനിക്കവൻതാനും
ഒരുശരംതീൎത്താനതുകൊണ്ടക്കാലം
ഇരിമ്പുലക്കതൻപൊടിയായുള്ളതും
തിരവായുടേവന്നടിഞ്ഞുതീരത്തു
വിരവോടേരകത്തൃണമായുണ്ടായി
ധനഞ്ജയൻതാനും ഭഗവാനെക്കാണ്മാൻ
തനിയെശ്രീമദ്ദ്വാരകയകംപുക്കാൻ
അരവിന്ദോത്ഭവപുരഹരാദിക
ളരവിന്ദാക്ഷനെ സ്തുതിചെയ്തീടിനാൻ
തെരുതെരെദ്വാരവതിയിലക്കാലം
പെരിയദുൎന്നിമിത്തവും കാണായ്വന്നു
പുരവാസികളോടരുൾചെയ്തീടിനാൻ
മുരഹരനായപരമപൂരുഷൻ

അടുത്തിതാപത്തിന്നതിന്നായിട്ടത്രെ
കഷ്ടപ്പമേറുംദുന്നിമിത്തംകാണുന്നു
ഇവിടംകൈവിട്ടുപുറപ്പെട്ടുകനാം
പവിത്രമാംതീർത്ഥപ്രവരമാടുവാൻ
ഭഗവദുദ്യോഗംപരിചൊടുകണ്ടു
ഭഗവത്ഭക്തനുദ്ധവരുംചൊല്ലിനാൻ
തിരുമനസ്സെന്തെന്നറിയാഞ്ഞിങ്ങുള്ളിൽ
പരിതാപംപാരംമമഭഗവാനേ!
അടിമലരിണയൊടുചേർത്തീടണ-
മടിയനെപ്പുനരിനിമടിയാതെ
വെടിയാതെപോററിധൃതിയുമില്ലേതു
മടിയനുപിരിഞ്ഞിരിപ്പതിന്നേതും
അതുകേട്ടുദേവനരുൾചെയ്തീടിനാൻ
മതിമാനാകുമുദ്ധവരോടന്നേരം
പറഞ്ഞീടാംമമപരമാർത്ഥമെങ്കി
ലറിഞ്ഞുകൊണ്ടാലും വികല്പംകൂടാതെ
പിരിഞ്ഞിരിക്കയില്ലൊരിക്കലുംഞാനോ
നിറഞ്ഞിരിപ്പൊരുപരമാത്മാവുഞാൻ
ഇവണ്ണമാത്മാനമുപദേശിച്ചുട
നവനെയുമയച്ചിതുഭഗവാനും
വിദുരരോടുചൊല്ലുകകൌഷാരവി
ഹൃദയേഞാൻപുനരിരിക്കുമെന്നതും
അരുൾചെയ്തനേരംതൊഴുതവൻതാനും
നരനാരായണാശ്രമംപ്രതിപോയാൻ
പുനരഥയദുവരന്മാരുമായി

കനിവിനോടുകൂടെഴുന്നള്ളിനാഥൻ
സമുദ്രതീർത്ഥസ്നാനവുംകഴിച്ചവ
രമർത്ത്യപൂജയുംകനിവൊടേചെയ്താർ
പിതൃക്കൾക്കുതൃപ്തിവരുത്തിവൈകാതെ
യദുക്കൾദാനവുംദ്വിജന്മാർക്കുചെയ്താർ
കളഭമാല്യഭൂഷണവസ്ത്രങ്ങളാ-
ലലങ്കരിച്ചവരഹങ്കരിച്ചേററം
ഭുജിച്ചുമദ്യവുംഝടിതിസേവിച്ചു
ഭജിച്ചിതുഭഗവതിയേയുംനന്നായ്
മദിച്ചുതന്നത്താന്മറന്നുയാദവ-
രുദിച്ചൊരുരജോഗുണബലത്തിനാൽ
ശമപ്രധാനമാനസന്മാരന്നേരം
ഭ്രമിച്ചുനാണവുമകലെക്കൈവിട്ടാർ
പതകംഭാരതസമരംമൂലമായ്
കൃതവർമ്മാവുംസാത്യകിയുമുണ്ടായി
പരസ്പരമുള്ളിലവിടെസ്പർദ്ധയും
പെരുത്തിതുച്ചത്തിൽപറഞ്ഞാരന്നേരം
വചസാവന്നീലജയമതുമൂലം
നിശിതമായുധമെടുത്താരന്നേരം
പകുത്തുതങ്ങളിൽകലഹിച്ചാരേററം
പകച്ചിരുത്തിനാരിരുക്കൂറായ്തമ്മിൽ
പടുതരമോടുടനടുത്തുവെട്ടിയും
തടുത്തുമമ്പുകൾതൊടുത്തുടനുടൻ
മഴപെയ്യുംവണ്ണംപൊഴിഞ്ഞുമന്യോന്യം
പുഴകളെപ്പോലെയൊഴുകിചോരയും
മറിഞ്ഞുവീഴ്കയുമുടനേചാകയും

പറഞ്ഞുനില്ക്കവേകഴുത്തറുക്കയും
ജനകനെപ്പുത്രൻമകനെത്താതനും
കനിഷ്ഠനെജ്ജ്യേഷ്ഠൻകനിഷ്ഠൻജ്ജ്യേഷ്ഠനെ
മരുമകനെമാതുലനുംകൊല്ലുന്നു
മരുമകനമ്മാവനെയുംകൊല്ലുന്നു
ശിവശിവശിവ! ശിവശിവശിവ!
ഭവഭവഭയഹരമൃഡശിവ!
ഹരഹരഹരഹരഹരഹര!
പുരഹരസ്മരഹരമൃതിഹര!
പെരികെനന്നുമാധവൻടെമായ-
യ്യൊരുവസ്തുപുനരരുതാതെയുണ്ടോ
ശരചാപാദികളൊട്ടങ്ങിയശേഷം
വിരവോടേരകത്തൃണംകണ്ണിശത്താൽ
തെരുതെരെത്തമ്മിൽപ്രഹരിക്കുന്നേരം
മരണത്തിന്നേററമെല്ലതായിതുലോ
മദപരവശമനസാസതപരം
യദുകുലവരരമിതമേരക-
ത്തൃണമേററുതെരുതെരെമരിച്ചുടൻ
കുണപമായ്‌വന്നുശിവശിവചിത്രം
ഒട്ടങ്ങിക്കൂടിയോരളവതുകണ്ടു
ദൃഢനായുള്ളൊരുബലഭദ്രരാമൻ
സമുദ്രത്തിൽചാടി മുഴുകിവൈകാതെ
സമതപമോടനന്തന്റെയുംപ്രാപിച്ചു
ഭഗവാനഗ്രജനുടെഗതികണ്ടു
സുഖമേയോഗംപൂണ്ടിരുന്നരുളിനാൻ
അവനീഭാരവുമഖില തീൎത്ത-

ന്നവതാരകാൎയ്യംകൃതമായ്മിക്കതും
ഇനിവൈകുണ്ഠമാംപദംപ്രാപിച്ചീടാ
മിനിക്കകാലംവൈകരുതല്ലോവൃഥാ
നിനച്ചേവംദേവൻ വലത്തേശ്രീപാദ
മണച്ചിടത്തെത്തുടതന്മേൽവച്ചു
നിവിൎന്നൃജ്ജുദേഹമിരുന്നരുളിനാൻ
പവനൻതന്നെയുമടക്കിനിശ്ചലം
അടച്ചുമൂലാധാരവുമുറപ്പിച്ചു
പടുതപമോടുകുണ്ഡലിനീശക്തിയെ
ജ്വലിപ്പിച്ചുമേന്മേൽസുഷുമ്നയാചക്ര
കുലത്തെയുമൊക്കെഭേദിപ്പിച്ചോരോന്നേ
ദഹനാൎക്കമണ്ഡലത്തോടുതട്ടി
ദ്ദഹനമണ്ഡലത്തിനെയുംപിന്നിട്ടു
സഹസ്രാമൃന്നാഗ്നികളുമായ്പീയൂഷ
കിരണമണ്ഡലത്തോടുചെന്നുതട്ടി
വിയത്തൊഴുകീടുമമൃതധാരയാ-
ലയിച്ചുമൂലാധാരവുംകുളൎപ്പിച്ചു
സപദിബ്രഹ്മരന്ധ്റവുമമൎത്തുള്ളിൽ
തപസായോഗമോടിരുന്നരുളുമ്പോൾ
ത്രിഭുവനമൊക്കെനിറഞ്ഞതേജസാ-
പവനനെജ്ജയിച്ചമൃതപ്ലാവനം
വിരവോടുചേൎത്തനെറുകയിൽനിന്നു
പരിചോടുധൂമംപുറപ്പെട്ടന്നേരം
നിരന്നൊരാൽത്തറമുകളിലാമ്മാറ
ങ്ങിരുന്നരുളുന്നഭഗവൽപ്പാദത്തെ
ത്തുടുന്നനെക്കാണായിതുകാട്ടാളന-

മട്ടത്തിതുമെല്ലെമറഞ്ഞുവൃക്ഷത്തെ
വിടപികളുടെകിമപിസൂക്ഷിച്ചാ-
നടവിവാസിനാം കുലജീവാന്തകൻ
മുസലശേഷനിമ്മിതശരധരൻ
മുസലിസോദരപദസരോജത്തെ
ശിതതരമായശരംപ്രയോഗിച്ചാൻ
വിധിവിഹിതത്താലതുമതുനേരം
ഇരുമ്പുലക്കതൻകഷണംകൊണ്ടുള്ള
ശരമായ്‌വന്നിതുപുനരതുചെന്നു
ഭഗവല്പാദാംഭോരുഹത്തിനുകൊണ്ടു
ഭഗവാൻതന്നുടെ മതമതാകയാൽ
വഴിയേകാട്ടാളനട്ടുച്ചെന്നപ്പോ
ളഴിനിലപൂണ്ടുതൊഴുതുവീണവൻ
അടിയനേതുമൊന്നറിഞ്ഞീലപോററി!
ഉടമയോടെന്നെപ്പരിപാലിക്കണം
മുനിവരന്മാർമാനസത്തിലുംഗോപ
വനിതമാർമുലത്തടത്തിലുംപത്മാ
കരത്തിലുംനല്ലബലിശിരസ്സിലും
പുരരിപുദേവഹൃദയത്തിങ്കലും
വിധികരതലങ്ങളിലുംഗൌതമ
ഹൃദയനായികാദൃഷദാപ്പസ്സിലും
വിളങ്ങിടുംതവപാദസരോരുഹ
തലത്തിങ്കൽമമശരമേല്പിപ്പതി
നൊരുതിരുവുള്ളം കലന്നതെന്തയ്യോ!
മുരഹരനാരായണനരകാരേ!
ചരണതാരിണശരണംദൈവമേ!

കരുണാവാരിധേ ശരണംദൈവമേ!
തിരുമെയ്കണ്ടുള്ളിലിവനാനന്ദവും
ശരമേല്പിച്ചതുനിനച്ചുഭീതിയും
കനിവുകൊണ്ടൊരത്ഭുതവുംകൈക്കൊണ്ടു
വണങ്ങിനാൻതെരുതെരെക്കിരാതനും
ഭയപ്പെടേണ്ടഞാനറിഞ്ഞതത്രേനിന
ക്കയുക്തമല്ലിതുവിധിവശാൽവന്നു
ചതിച്ചെയ്യേൻനിന്നെക്കഴിഞ്ഞജന്മനി
പ്രതിക്രിയപുനരതിന്നിതുമെടോ!
നിനക്കിനിച്ചിരമമരലോകത്തു
മനഃഖേദംതീൎന്നുവസിക്കാമെന്നുടെ
മനഃപ്രിയത്തിന്നുഫലമതാകയാൽ
കനക്കെന്നിന്നിലുണ്ടെനിക്കുവാത്സല്യം
അറിയാതെയൊരുശരംകൊണ്ടുവൃത
ചരണമൎച്ചിച്ചുനിമിത്തംകാട്ടാളൻ
ഒരുനാളുമൊരുലയംവരാതൊരു
പരഗതിവന്നു ശിവശിവചിത്രം!
ഖഗമുഖബുദ്ധ്യാവിശിഖമൎപ്പിച്ചു
ഖഗപ്രവരനായ് ചമഞ്ഞുകാട്ടാളൻ
ധരണീദേവന്മാരതിശയഭക്ത്യാ
സരസിജസുമതുളസിപത്രങ്ങൾ
ചരണതാരിലന്വഹമാരാധിച്ചാൽ
വരുന്നൊരുഫലമിനിക്കുചൊല്ലാമോ
ഹരികരുണാവാരിധികിരാതനു
സുരലോകപ്രാപ്തികൊടുത്തനന്തരം
തിരഞ്ഞുദാരുകൻഭഗവാനെക്കാണാ-

ഞ്ഞുരുഖേദംപൂണ്ടുനടന്നാങ്ങോടിങ്ങോ-
ട്ടുഴന്നുതേരുമായവനുംവന്നുക-
ണ്ടുഴന്നുവീണുടൻനമസ്കാരംചെയ്താൻ
ചതിച്ചതെന്തെന്റെ ഭഗവാനേമമ
മതിഭ്രമംപാരംമുഴുത്തുകൂടുന്നു
മൃദുമൃദുലമായരുണമായൊരു
പദതളിരിലെന്തൊരുശരമേല്പാൻ
അവകാശംവന്നതിഹഭഗവാനേ-
ഭവദനുമതമറിയാഞ്ഞതന്നുള്ളിൽ
പരിതാപംപാരംവളരുന്നുപോററീ
ശരണം മററില്ലകരുണാവാരിധേ!
പിരിഞ്ഞറിയുന്നീലൊരുനാളുമിനി
പിരിഞ്ഞിരിപ്പാനുമരുതുദൈവമേ!
ചതിപ്പാനല്ലല്ലീതുടങ്ങുന്നുനാഥ!
യദുപ്രവരമാധവജഗന്നാഥ
തിരുമനസ്സിചിന്തിതമെന്തെന്നു
തിരിയാഞ്ഞുദുഃഖംപെരുതാകുന്നുമേ
നിറഞ്ഞദുഃഖത്താലടിത്താരിൽവീണു
പറഞ്ഞുദാരുകൻകരയുന്നനേരം
ഉത്തരുന്നനല്ലത്തേരുമുയൎന്നുമേല്പോട്ടു
വിളങ്ങുമായുധങ്ങളുമായന്നേരം
നടുങ്ങിദാരുകനതുകണ്ടന്നേരം
പൊട്ടുന്നനേകൃഷ്ണനരുൾചെയ്തീടിനാൻ
തെരുന്നനെദ്വാരാവതിക്കുചെന്നുനീ
പറഞ്ഞിടേണമീയവസ്ഥകളെല്ലാ
പട്ടത്വമേറീടുമൊരുകാലത്തിന്റെ
തട്ടത്തുകൂടാരുബലത്താലിക്കാലം

ഒട്ടങ്ങിപണ്ടുള്ള ജനങ്ങളെല്ലാമെ
വെടിഞ്ഞിതഗ്രജൻധരണിതന്നെയും
അവനിതന്മീതേവസിച്ചതിന്നിനി
യവസിതമായിഭവിക്കുമാറായി
അധികംസ്വസ്ഥനായിരുന്നഞാൻതാനു
മധുനാദുഃസ്ഥനായ് ചമഞ്ഞതിന്നിയും
വിരവിൽസ്വസ്ഥനായ് ചമയുമാറത്രേ
വരുന്നിതെന്നതുമറിയിച്ചീടണം
ഒരുത്തരുംദ്വാരവതിയിലാമ്മാറ-
ങ്ങിരിക്കൊലാദ്വാരം പിഴയ്ക്കുമിന്നിപ്പോൾ
സമുദ്രരാജൻവന്നതിക്രമിച്ചീടും
ഗമിച്ചുകൊള്ളണമതിന്നുമുന്നമേ
ധനധാന്യാദ്യുപകരണങ്ങളോടും
തനയദാരങ്ങളെയുംകടത്തിക്കൊ
ണ്ടുടനേപോകണം കിമപിവൈകാതെ
ഝടിതിവാരിധിതകർക്കുംവന്നിപ്പോൾ
സുമതിയായവജ്രനെവാഴിക്കെന്നു
മമനിയോഗമർജ്ജുനനൊടുചൊൽക
തദനുസർവ്വലോകരെയുംകൊണ്ടുപോയ്
സദനംപാലിക്കെന്നതുമെല്ലാംചൊൽക
വിധിവിഹിതമിതൊഴിക്കരുതാർക്കു-
മതിനാരുംഖേദിക്കരുതെന്നുംചൊൽക
സകലലോകേശവചനമേവംകേ-
ട്ടുകമേവന്നൊരുപരിതാപംകൊണ്ടു
കഴൽതളിരിണപലവുരുകുപ്പി
മുഴുത്തചിന്തയാനടന്നുദാരുകൻ
സനകനാരദപ്രമുഖന്മാരായ

മുനികളോടുംദേവകളൊടുംകൂടി
കമലജനൊടുംഗിരിസുതയൊടും
വിമലനീശ്വരൻത്രിപുരനാശനൻ.
ത്രിഭുവനപതിഹരിസുരപതി
വിഭുമഖപതികമലജാപതി
ധരണിഭാരവുമഖിലംതീർത്തോരോ
തരുണിമാരുമായ്‌രമിച്ചനാരതം
യദുകുലകീർത്തിജഗതിചേർത്തുള്ളിൽ
സുദൃഢബ്രഹ്മചര്യവുംദീക്ഷിച്ചുകൊ
ണ്ടളവില്ലാതൊരു കളികളാലക-
ത്തളിരഖിലജന്മികൾക്കുംമോദിപ്പി-
ച്ചിനിമേലിൽകലിയുഗത്തിങ്കലുള്ള
മനുജർക്കുഗതിവരുത്തിക്കൊള്ളുവാൻ
പവിത്രകീർത്തിയുംവരുത്തിമേല്ക്കുമേൽ
ത്രിവർഗ്ഗവുംഭക്തജനത്തിനുനൽകി
പരമമായുള്ളപദത്തെപ്രാപിപ്പാൻ
ഒരുമിച്ചനേരംതൊഴുതുസേവിച്ചാർ
പുരഹരൻതാനുംകമലജൻതാനും
പുരന്ദരാദിയുംമുനിവരന്മാരും
മുദിതരായ്‌വേദങ്ങളെക്കൊണ്ടുനന്നായ്
സ്തുതിച്ചുസേവിച്ചുതൊഴുതുകുമ്പിട്ടാർ
ഋജുശരീരനായിരുന്നുടൻപ്രാണ
വിജയമോടഗ്നിസുഷുമ്നതന്നുടെ
വിരവോടുമേല്പോട്ടുടൻജ്വലിപ്പിച്ചു
കരയേററിചക്രങ്ങളുംദഹിപ്പിച്ചു
സ്ഥിരയായോരുധാരണയാമൂർദ്ധ്നി.

ഹിരണ്യതേജസ്സുംത്സടിതിദീപിച്ചു
പുറപ്പെട്ടോരഗ്നിദഹിപ്പിച്ചുദേഹം
കുറച്ചിൽക്കൂടാതെനിറഞ്ഞൊരാഭയും
ജഗത്തിങ്കലൊക്കെവിളങ്ങിക്കാണായി
സുഖിച്ചുദിവ്യന്മാരതുകണ്ടേററവും
പുരുഹൂതനീലമണിരുചിപോലെ
തിരുനിറംപൂണ്ടപുരുഷരൂപവും
ഭസിതമായ്ക്കാണായിതുസുരന്മാൎക്കു
മതിമറന്നൊരുപരമാനന്ദത്താൽ
വല്ലരെക്കല്പകപ്പൂതൂമലർകോരി
ത്തളിരോടെചൊരിഞ്ഞിതുമഴപോലെ
തുടങ്ങിവാദ്യങ്ങളലറിച്ചുംപുന-
രൊടുങ്ങാതെപാട്ടുംപലതരം കൂത്തും
നടിക്കുന്നനല്ലനടന്മാരുംകോൎത്തു
പിടിക്കുന്നകൂടിസ്തുതിക്കയുമെല്ലാം
കമലസംഭവപുരഹരാദിക
ളമരന്മാരുമായ്നടന്നുമെല്ലവെ
പരമാത്മാവായപരബ്രഹ്മമൂൎത്തി
പരമാനന്ദരൂപനെന്ന്ഭജിപ്പാനായ്
നിജനിജലോകംഗമിച്ചാരക്കാലം
ഭജനീയൻതന്നെഭജിക്കയുംചെയ്താർ
പുനരുടൻദ്വാരവതിയിൽമേവീടും
ജനനിതന്നുടെപതിയായുള്ളൊരു
വസുദേവൻതന്നോടുരചെയ്തീടിനാൻ
കുസുമിതലതാതരുനിരകളും
പെരികെമാഴ്കുവാനൊരുമൂലമെന്നു

തരണിബിംബവുംകറുത്തിരിക്കുന്നു
തെളിവില്ലേതുംദിക്കുകൾക്കുംദീപവും
വിളങ്ങുന്നില്ലേതുംമനസ്സുമാഴ്കുന്നു
പവനനുംമാന്ദ്യം കുറഞ്ഞുകാണുന്നു
ഭവനങ്ങൾക്കുമില്ലൊരുനിറമേതും
ഉദധിതീർത്ഥത്തിൽ കുളിപ്പാൻപോയൊരു
യദുകുലവൃത്താന്തവുംകേട്ടീലേതും
വരുവാനിത്രവൈകിയതുമെന്തിഹ
നുരുകുന്നുചിത്തമതുനിരൂപിച്ചും
ഹിമകിരണമണ്ഡലം പണിയുന്ന
മമതനയൻതൻമുഖസരോരുഹം
വിളങ്ങിക്കാണാഞ്ഞില്ലിനിക്കൊരുന്മേഷം
കളഞ്ഞതെന്തെന്നാകണക്കേതോന്നുന്നു
തളരുന്നുകാലുംകരങ്ങളുമെല്ലാം
വളരുന്നുതാപമിനിക്കുമേൽക്കുമേൽ
വലത്തുകണ്ണാടുന്നിതുതെരുതെരെ
വിറയ്ക്കുന്നുതോളും തുടയുമപ്പുറം
പലവും ദേവകീപതിതന്നോട-
ന്നാലസഭാവം ചൊന്നാളവുകാണായി
പിരിഞ്ഞുപോയധീരതയുമായേറ്റം
കരിഞ്ഞഭാവവും കലർന്നുകാണായി
അതിമന്ദമന്ദം വരുന്ന ദാരുക
നതുകണ്ടുണ്ടൊന്നുമനസിതോന്നുന്നു
പിറകേയുണ്ടെൻറമകനതുകൊണ്ടു
പെരികെമന്ദിച്ചുവരുന്നതുമവൻ
അതുകേട്ടുവൈദർഭിയും തെളിവോടു

സദനംപ്രാപിച്ചുവിരിച്ചുശയ്യയും
ഉദകവുംഭൃംഗാരകങ്ങളിൽനിറ
ച്ചുദിതാനന്ദംപാർത്തിരുന്നീടുന്നേരം
പുരവാസിജനമെഴുന്നള്ളത്തുകേ
ട്ടിയന്നാരേററവും, പരമാനന്ദംപൂ
ണ്ടതിൽചിലരോടിപ്പെരുവഴിക്കുചെ-
ന്നതിപ്രമോദേന വഴിക്കുനോക്കിയും
സ്തനിതംകേട്ടചാതകങ്ങളെപ്പോലെ
മനസിസന്തോഷംകലർന്നുമേവിനാർ
അതുനേരമൊട്ടങ്ങടുത്തുദാരുകൻ
മൃതദേഹംനടന്നണയുന്നപോലെ
ഭഗവദ്വൃത്താന്തംപലരുംചോദിച്ചാ
രകമേവെന്തുവെന്തവനുമന്നേരം
പെരുത്തുമണ്ടിനാനവിടെവീണാന
ങ്ങരുണ്ടുതന്നത്താൻപെരികെത്താഡിച്ചാൻ
മഴപെയ്യുംപോലെനയനവാരിയു
മൊഴുകുന്നുകരഞ്ഞുരുളുന്നുപാരിൽ
ശിവശിവപുനരവനപ്പോൾവന്നാ
വിവശതയെന്തുപറയാവല്ലേതും
ചിലരോടുന്നിതു ചിലർവീഴുന്നിതു
ചിലർമോഹിക്കുന്നു ചിലർകരയുന്നു
ചിലരിരിക്കുന്നു ചിലർകിടക്കുന്നു
ചിലർവിറയ്ക്കുന്നുചിലർതൊഴിക്കുന്നു
ചിലർചിലരെയുംപിടിച്ചുകേഴുന്നു
ചിലർ ചിലരെച്ചെന്നുടനേപുൽകുന്നു
കടൽവർണ്ണകണ്ണ!കരിമുകിൽവർണ്ണ!

കടൽമകൾപുൽകുമേണിവർണ്ണനാഥ
ചതിക്കയോചെയ്തതിന്നിയാരുള്ളതെ
ന്മതിക്കാനന്ദംനൽകുവതിന്നീശ്വരാ!
പൊറുക്കുന്നുഞങ്ങളിനിയതെങ്ങനെ
മരിക്കുന്നോൻവല്ലകണക്കിലുമയ്യോ!
പരിണതശശമൃഗധരബിംബം
പരിചൊടുകൂപ്പും തിരുവദനവും
തെളിഞ്ഞുവെൺനിലാവഴലേറുംവണ്ണം
വിളങ്ങുംപുഞ്ചിരിപ്പുതുമയുമയ്യോ!
മധുരമായുള്ളോരമൃതത്തെക്കാളും
മതിമനോജ്ഞമാമരുളപ്പാടുകൾ
ചെവികളിലേൽക്കാതിരിക്കുന്നാകിലോ
ശിവശിവ!പോററീപ്പൊറുതിയെങ്ങിനെ
നിറന്നമഞ്ഞപ്പട്ടുടയുംകാഞ്ചിയും
മറന്നുകൂടുമോതുടയിണക്കാമ്പും
പലവുമോരോരോവിധമീവണ്ണമേ
പലതരംചൊല്ലിക്കരയുന്നനേരം
അസുരവൈരിയെ മനസ്സിചിന്തിച്ചു
വസുദേവർക്കുംദേവകിക്കുമന്നേരം
ജനിച്ചസന്താപംപറഞ്ഞുകൂടുവാൻ
ജനിച്ചവർകളിലൊരുത്തരില്ലല്ലോ
വിദർഭജാദിവല്ലഭമാർക്കുമപ്പോ-
ളുദിച്ചസന്താപമതില്പരമത്രേ
പുരന്ദരാത്മജനിവയെല്ലാംകണ്ടു
പരംപുരുഷനെമനസിചിന്തിച്ചു
ഇരുന്നുതന്നത്താൻ മറന്നൊരിത്തിരി

പറഞ്ഞൂദാരുകനരുളപ്പാടെല്ലാം
യദുവരനാമാഹുകൻതന്നോടതി-
ദ്രുതംചൊല്ലേണമെന്നതുമരുൾചെയ്തു
ഉടനേപാരിജാതവുമതിദ്രുതം
നടകൊണ്ടുമേല്പോട്ടുയർന്നുവേരോടെ
നടന്നൊരാഹുകൻവഴിയേപോയ്ചെന്നു
കിടന്നയാദവരുടലെല്ലാംകണ്ടു
ചിതയുമർജ്ജുനൻചമച്ചാനന്നേരം
അതിസുഗന്ധചന്ദനതരുക്കളാൽ
ചിതയിലാമ്മാരുമടിയാതെചാടി
മധുരിപുതിരുവുടലോടുചേർന്നു
മധുമൊഴികളാംപ്രണയിനിമാരും
മധുമഥനൻതന്നുടലോടുചേർന്നു
ലഭിച്ചുസായുജ്യമവർക്കതുകാലം
തപസ്സുപണ്ടേററംചരിച്ചതുമൂലം
തനയനായ്വന്നുപിറന്നകൃഷ്ണനെ
മനസിചിന്തിച്ചു മരണംപ്രാപിച്ചു
വസുദേവാഖ്യനാമഴ്ളാംപ്രജാപതി
വസുമതിപതിയൊടുചേർന്നീടിനാൻ
ചിതയിലാമ്മാരുപതിച്ചുദേവകീ
പതിയുംതാനുമായ്സുതനോടുചേർന്നാൾ
പതിനാറായിരം പ്രണയിനിമാരും
പതിയോടുചേർന്നാൾപുനരതുകാലം
മുഴകിമെല്ലവേകരേറിനാമെന്നാ-
തഴകൊട്ടുതോണിമുഹൂരവർക്കെല്ലാം
യദുക്കൾക്കെല്ലാർക്കുമുദകപിണ്ഡങ്ങൾ

വിധിച്ചവണ്ണമെകഴിച്ചുപാൎത്ഥനും
സമുദ്രംദ്വാരകാപുരത്തെയുംമുക്കി
സമസ്തംമാധവഗൃഹമൊഴിഞ്ഞെല്ലാം
ഒഴിഞ്ഞുള്ളനാരീജനത്തെയുംകൊണ്ടു
വിഷണ്ണനായ്പാൎത്ഥൻനടന്നുവൈകാതെ
പെരുത്തകാട്ടുടെനടക്കുന്നനേര
മുരത്തകാട്ടാളരടുത്താരന്നേരം
കരുത്തേറുംസിംഹത്തൊടുകലഹിപ്പാൻ
കുരച്ചുനായ്ക്കൾചെന്നടുക്കുന്നപോലെ
ഝടിതിക്രുദ്ധനായ്പുരുഹൂതാത്മജ
നടുത്തുയുദ്ധത്തിനൊരുമിച്ചനേരം
കുലയ്ക്കായീലവില്ലെടുക്കായീലൊട്ടും
വലിക്കായീലസ്ത്രങ്ങളുംതോന്നീലേതും
വിഷഭിഷങ്മന്ത്രനിരുദ്ധനായോരു
വിഷധരനെന്നകണക്കേഫൽഗുനൻ
നിരുദ്യോഗംപൂണ്ടുകിമപിനില്ക്കുമ്പോൾ
കരുത്തേറുംകാട്ടാളരുമടുത്തേററം
പറിച്ചുകൊണ്ടാർനാരികളെയുമപ
ഹരിച്ചാരൎത്ഥമുള്ളതുംബലാലപ്പോൾ
ഇതുവരുവതിന്നവകാശമെന്തു
മധുരിപോമുരമഥനദൈവമേ!
നിഖിലനിന്തിരുവടിയുടെമായാ
വികൃതിയത്രേ നിശ്ചയംജഗത്തെല്ലാം
അശക്തനായ്വന്നേനിവരെരക്ഷിപ്പാ
നശത്രുവായ്മുന്നമിരുന്നേനല്ലോഞാൻ
ഇനിഞാൻഭൂമിയിലിരുന്നതുമതി

വനചരന്മാരാൽ പരിഭൂതനായേൻ
കരഞ്ഞുമോരോന്നെപറഞ്ഞുമിങ്ങനെ
പിരിഞ്ഞനാഥനെന്നിനച്ചുഖേദിച്ചും
നടക്കുന്നനേരംവിധിവശാൽപുന-
രടുത്തുവേദവ്യാസനേയുംകാണായി
കരുണാപീയൂഷനിധിയെക്കണ്ടവൻ
ചരണതാരിന്നവണങ്ങിവീഴ്കയും
പൊട്ടപ്പൊടെപ്പൊട്ടിക്കരകയുംകണ്ണീ
രുടനുടൻവീണങ്ങൊലിക്കയുംമററി
ല്ലുടയവരെണ്ണപ്പറകയുമുള്ളം
കിടുകിടുക്കയുംമുനികണ്ടനേരം
അരുളിച്ചെയ്തിതുകരുണയാനര
വരനാമർജ്ജുനനൊടുകനിവോടെ
നിനക്കിതുകൊണ്ടൊരിളപ്പമില്ലതു
നിനച്ചുഖേദിയായ്ക്കമരേന്ദ്രാത്മജ!
ത്രിഭുവനംതന്നിലൊരുവനുണ്ടോചൊ-
ല്ലഭിമാനക്ഷയമനുഭവിയാതെ
ഒരുകാലംമാനംവരുമപമാനം
വരുമൊരുകാലമിടകലർന്നുള്ള
ജനിമൃതിസ്വർഗ്ഗനരകയാമിനി
ദിനസുഖദുഃഖാദ്യഖിലദ്വന്ദ്വങ്ങൾ
ജഗതിസമ്പത്തുംവിരവോടാപത്തും
ഭഗവാനുപോലുംഭവിക്കുന്നുനൂനം
ഒരുവരിഷത്തിന്നുടനേവേനലും
വരുമതിനില്ലവികല്പമേതുമേ
ദിശിദിശികീർത്തിപരത്തിടുന്നൊരു
ദശരഥനൃപപ്രവരനന്ദനൻ

ദശമുഖകാലനമിതവിക്രമൻ
ദശശതച്ഛദസുഹൃൽകുലജാതൻ
അരിയാതികുലശമനനീശ്വര
നഭിമാനമുള്ള പുരുഷരിൽമുമ്പൻ
സ്വധർമ്മദാരാപഹരണവുമവ-
ന്നധിഗതമായിതതുദ്ധരിക്കനീ
അവനിയിലൊരുനരനമവ്വണ്ണ
മപമാനമനുഭവിച്ചീലൊക്കണം
വനിതമാരിവർ വളഞ്ഞദേഹനാം
മുനിവരൻതന്നെപരിഹസിക്കയാൽ
ചതിച്ചുകാട്ടാളരടവിയിലാക്കി
യപഹരിച്ചുപോമൊരുനാളെന്നെല്ലാം
ദ്വിജശാപംതടുക്കരുതൊരുവർക്കും
വിജയകണ്ടതില്ലയോനീതാനിപ്പോൾ
ത്വപശൌയ്യത്തിന്നു കുറവുണ്ടാകയി-
ല്ലവനീദേവേശനുടെശാപത്തിനാൽ
അബലമാക്കിതിന്നകപ്പെട്ടഭവാ
നബലനാകയില്ലതുധരിച്ചാലും
പ്രിയസ്വഭാവനായുറച്ചബന്ധുവാ
സ്സ്യയന്ത്യനായിരുന്നൊരുജനാർദ്ദനൻ
മരിച്ചുപോയിതെന്നതുനിനച്ചോനിൻ
കുരച്ചിലാകുന്നുശിവശിവചിത്രം
നിനക്കുമൂഢത്വം പെരുതത്രെപാര-
മിനിക്കതോർത്തോളംചിരിയാകുന്നുടകം
മരിക്കയുമില്ല ജനിക്കയുമില്ല
മുരദ്വേഷിജഗല്പതിനാരായണൻ

ധരിച്ചിരിക്കുന്നുമനസിനീയുമ
തിരിക്കെശ്ശോകിപ്പാനവകാശമില്ല
ജഗദഖിലവുംനിറഞ്ഞിരിക്കുന്ന
ഭഗവാനില്ല ജന്മവുംമരണവും
ധരണീഭാരവുംകളഞ്ഞുതന്നുടെ
പരിവാരങ്ങളാംയദുകുലത്തെയും
ഒടുക്കത്തക്കവേമുനിശാപവ്യാജാൽ
ഒടുക്കിക്കൂട്ടിത്തങ്ങളിൽപിണങ്ങിച്ചും
പരനുടെമായാമഹിമയോത്തോള്ള
മൊരുവനുമുള്ളിലറിഞ്ഞുകൂട്ടമോ
അമരകൾകുലപ്പെരുമാൾതൻമുന്നം
സമരത്തിന്നുപണ്ടടുക്കുംനേരത്തു
രഥത്തിന്മേൽനിന്നുപറഞ്ഞുതന്നീലേ
മധുദ്വേഷിനിനക്കുടനാത്മജ്ഞാനം
നിനക്കുവിശ്വാസംവരുവാനല്ലയോ
തനിച്ചുവിശ്വരൂപവുംകാട്ടിത്തന്നു
ജലരേഖയോടുസമമായ്വന്നിതോ
വലരിപുസുത!നിനക്കതൊക്കവേ
പരമാത്മജ്ഞാനമുപദേശിച്ചതും
പരമാത്മാവായ ഭഗവാനല്ലയോ
കുരുവീര!നിന്നോടിനിമററാരാനും
സുരവരാത്മജ!പറഞ്ഞിടേണമോ
ജഗദശേഷവുംനിറഞ്ഞിരിപ്പൊരു
ഭഗവാൻതന്മായാവിലസിതമെല്ലാം
ഇനിനിങ്ങൾ ഭൂമിപ്രദക്ഷിണംചെയ്തു
മനസാസന്ന്യസിച്ചഖിലകർമ്മവും
നിയതികൊണ്ടുള്ള പൃഥക്ഭാവംതീർന്നു

ലയിക്കകാരണമതിങ്കൽനിങ്ങളും
മുനിവരൻദ്വൈപായനൻവേദവ്യാസൻ
കനിവോടീവണ്ണമരുൾചെയ്തനേരം
ഉണൎന്ന ചിത്തമോടമരേന്ദ്രാത്മജൻ
വണങ്ങിനാൻമറഞ്ഞിതുമുനീന്ദ്രനും
അതുകാലംധൎമ്മാത്മജനുംഭീമനോ-
ടതിഖേദംപൂണ്ടുപറഞ്ഞീതീവണ്ണം
അനുജൻദ്വാരകാപുരിക്കുപോയവ-
നിനിയുംവന്നീലെന്തതിനുകാരണം
കഴിഞ്ഞിതുമാസം മുഴുവൻനാലിപ്പോൾ
വഴങ്ങീലിങ്ങുപോരുവാനെന്നോനാഥൻ
പിഴച്ചുകാണുന്നുനിമിത്തങ്ങളെല്ലാം
കുഴപ്പമേതാനുംവരികകൊണ്ടത്രേ
പെരികെമങ്ങിപ്പോയിതുധരാതലം
നിറന്നദീപവുംപൊലിഞ്ഞേററംമങ്ങി
മരുവുംമന്ദിരംകണ്ണക്കെയായ് വന്നു
പരുഷമായ് വീശുന്നിതുപവനനും
കൃതികളുള്ളിലുംകുറഞ്ഞിതുന്മേഷം
ഹൃദിമനിജനത്തിനുമില്ലാനന്ദം
പശുക്കളുംചെവികളുംകൂൎപ്പിച്ചേററം
വിശപ്പുമോരാതെമുഴുത്തചിന്തയാ-
കരഞ്ഞങ്ങോടിങ്ങോട്ടുഴന്നുനില്ക്കുന്നു
പിരിഞ്ഞൊരുപൈതങ്ങളെയുംവേണ്ടീല
പശുക്കിടാങ്ങളുംകുടിക്കുന്നീലപാൽ
പശുക്കൾതങ്ങളുംകുടിപ്പിക്കുന്നീല.
ശഠന്മാരാനനംതെളിഞ്ഞുകാണുന്നു
സ്ഫുടങ്ങളാകുന്നീലരവിന്ദങ്ങളും

ദലങ്ങളുംമാഴ്കിമരങ്ങളുമെല്ലാം
ഫലങ്ങളുംകൊഴിഞ്ഞിതല്ലോകാണുന്നു
തെളിഞ്ഞതീത്ഥങ്ങൾകലങ്ങിക്കാണുന്നു
വിളങ്ങിടുംജ്യോതിർഗ്ഗണങ്ങളുംമങ്ങി
ജ്വലിക്കുന്നീലാജ്ജ്യാഹുതികൊണ്ടഗ്നിയും
ജ്വലിക്കിലോപൊട്ടിപ്പൊരിഞ്ഞിടത്തൂട്ടു
വലത്തുഭാഗത്തെവെടിഞ്ഞുകാണുന്നു
പലവുമേവംദുന്നിമിത്തങ്ങൾകണ്ടും
വലരിപുസുതൻവരവുകാണാഞ്ഞും
ധരണിമണ്ഡലമണിമയദീപം
ധരണിയെവെടിഞ്ഞുടൻമറഞ്ഞുതെ
ന്നകതാരിൽത്തോന്നിവരുന്നിതുമമ
സകലലോകനായകസനാതന
ഭഗവാനെ! പരൻപുരുഷ!മാധവ!
ശരണമെന്നുധർമ്മജൻമനതാരിൽ
കരുതിമാരുതിയൊടുപറഞ്ഞപ്പോൾ
വരുന്നതുകണ്ടുധനഞ്ജയൻതന്നെ
കരിഞ്ഞഭാവവുംകലന്നുനേരം
കരഞ്ഞവൻചെന്നുയുധിഷ്ഠിരൻതന്റെ
ചരണതാരിൽവീണവസ്ഥയെല്ലാമേ
പറഞ്ഞുഭാവംകണ്ടതുനേരമുള്ളി-
ലറിഞ്ഞുധർമ്മജനവസ്ഥമിക്കതും
കരഞ്ഞുകണ്ണുനീർതുടച്ചുഫൽഗുനൻ
പിരിഞ്ഞനാഥനെമനസിചിന്തിച്ചു
പറഞ്ഞുഭൂമിക്കൊരലങ്കാരമായി
പ്പിറന്നദേവകീതിരുമകൻകൃഷ്ണൻ

വെടിഞ്ഞു ഭൂമിദേവിയെയുമെന്നെയും
പൊട്ടന്നനവേപോയ് മറഞ്ഞരുളിനാൻ
ഇവണ്ണമെന്നെയുംകരയുമാറാക്കി
സുവർണ്ണ്യവൈകുണ്ഠംത്വരിതംപ്രാപിച്ചാൻ
യദുകുലമെല്ലാംമുടിഞ്ഞുതങ്ങളിൽ
മധുപാനംചെയ്തുമതിമറന്നേററം
കലഹിച്ചുമുനിജനശാപവാക്യ
ബലംകൊണ്ടുണ്ടായമുസലത്താലുടൻ
അതുകേട്ടുധർമ്മതനയൻതന്നുള്ളി-
ലധികംവാച്ചൊരുപരിതാപംചൊൽവാ-
നരുതൊരുവനമതുമനതാരി-
ലുരുവിചാരംകൊണ്ടടക്കിയെല്ലവേ
ഭഗവൽപാദങ്ങൾമുഴുത്തഭക്തിപൂ
ണ്ടകതാരിൽനന്നായുറപ്പിച്ചനേരം
വിരഹംകൊണ്ടുഗദ്ഗദവർണ്ണങ്ങളാൽ
പെരികെബാഷ്പവും തെരുതെരെവാർത്തു
നയനവുംതുടച്ചുമിതരോമാഞ്ചം
ജയജയകൃഷ്ണ! ജയജയകൃഷ്ണ
ജയജയരാമ ജഗദഭിരാമ!
ജയജയദേവ കരുണാവാരിധേ!
ജയജയദേവവസുദേവാത്മജ!
ജയമുകുന്ദദേവകീസൂനോജയ
ജയജയനന്ദതനയഗോവിന്ദ!
ജയയശോദാനന്ദന! ജനാർദ്ദന
ജയജഗൽസൃഷ്ടിസ്ഥിതിലയകര
വിരിഞ്ചമാധവശിവമയജയ!

ജയധൃതഗുണത്രയമൂർത്തേ!ജയ
ജയജയജഗൽപവിത്രസൽക്കീർത്തേ
ജയജയചിത്രചരിത്രകേശവ
ജയജയവൃഷ്ണിപ്രവരകംസാരേ!
ജയജയബാണകരമദഹര
ജയജയജനിമൃതിഭവഹര!
ജയജയവിദർഭജാപതേ!ജയ
ജയജയധരാധരമുരഹര!
ജയധരാധരധരജയജയ
ജയധാരാധരകളേബരജയ
ജയജയധരാഭരഹരജയ
ജയജയസുരാസുരനമസ്കൃത
ജയചരാചരഗുരോജയജയ
പരാശരസുതനമസ്കൃതജയ
ജയവരാവാസസഭാധാരജയ
ജയജയധരാധരാവാസപ്രിയ
ജയപരാപരസദാധാരജയ
ജയപരാപരപരമപാഹിമാം
ജയപരമാത്മൻപരബ്രഹ്മാത്മക
ജയജയനാരായണനരകാരേ!
ജയജയഭക്തജനപരായണ
ജയജയനാഥശരണംദൈവമേ!
ശമദമയമനിയമചേതസാ
ശമനനന്ദനൻകുരുകുലവരൻ
നൃപതിയായ്പുനരഥപരീക്ഷിത്തി
ന്നഭിഷേകംചെയ്തുസചിവന്മാരൊടും

പടഹശംഖാദിവിവിധവാദ്യങ്ങൾ
പ്പടപൂഴങ്ങവെസഹജന്മാരുമായ്
ധരണീദേവതാപസവരക്കെല്ലാം
പൊരുളുംദാനംചെയ്തുഭീമതവസ്സു
സചിവഭൃത്യാദിജനത്തിനുനൽകി
സ്വജനതൃപ്തിയുംവരുത്തിമേൽക്കുമേൽ
നിവൃത്തനായാശുപുറപ്പെട്ടുവാനായ്
സുവൃത്തവാൻകല്പിച്ചിതുമുഹൂർത്തവും
വിചിത്രംപാണ്ഡവചരിത്രംമേലേടം
വചിപ്പതിന്നേററംപണിയുണ്ടോർത്താലും
പവിത്രമെത്രയുമതുകേൾക്കേണ്ടുകിൽ
സവിസ്തരംചൊൽവാനരുതുനിങ്ങൾക്കു
ചുരുക്കിച്ചൊല്ലാംവേണ്ടുകിൽഞാനെന്നൊല്ലാ-
മുരത്താൾപൈങ്കിളിമകളുമക്കാലം.

ഇതി ശ്രീമഹാഭാരതേ മൗസലപർവ്വം സമാപ്തം.

# ടിപ്പണം.

മൗസലം=ഇരുമ്പുലക്കയെസംബന്ധിച്ചതു്, ഇരുമ്പുലക്കയുടെ ഉത്ഭവത്തേയും അതു വരുത്തിക്കൂട്ടിയ ആപത്തുകളേയുംപററി പ്രധാനമായി പ്രതിപാദിക്കുന്നതുകൊണ്ടു് ഈ പേർ ഈ പവ്വത്തിന്ന സിദ്ധിച്ചു.

വരികരികിരി=വന്ന് അരികെ ഇരിക്കുക, നവനാളികേരസലിലം=ഇളന്നീർവെള്ളം, നവനീതം=വെണ്ണ ഗുളകദളികൾ=ശക്കരയുംവാഴപ്പഴവും മധുസിതാദി=തേൻ പഞ്ചസാര തുടങ്ങിയവ, മുരവൈരി=മുരാസുരശത്രു, നരകാരി=നരകാസുരൻെറ ശത്രു,(മുരനരകാസുരന്മാർ സ്നേഹിതന്മാരായിരുന്നു) ശൗരി=ശൂരപൗത്രൻ (ശ്രീകൃഷ്ണൻ) കരിപരിവൃഢപരിതാപകാരി-ഗജശ്രേഷ്ഠൻെറദുഃഖത്തെ ഇല്ലാതാക്കിയവൻ(പാണ്ഡ്യരാജാവായ ഇന്ദ്രദ്യുമ്നൻ വനത്തിൽ സമാധിയിൽ ഇരിക്കെ അഗസ്ത്യൻ അവിടെ എത്തിബഹുമാനിക്കായ്കയാൽ"രാജാവു് ആനയായിപ്പോകട്ടേ"എന്നു മുനിശപിച്ചു. ഇങ്ങിനെ ആനയായ ഇന്ദ്രദ്യുമ്നൻ വെള്ളം കുടിക്കാൻഒരു പൊയ്കയിൽചെന്നിറങ്ങിയപ്പോൾ ഒരു മുതലപിടികൂടി വ്യസനിച്ചു വിഷ്ണുവിനെ സ്തുതിക്കയാൽ വിഷ്ണു അവതരിച്ചു് ആനയെ രക്ഷിച്ചു) വിഷ്ണുരാതജൻ=പരീക്ഷിത്തു്, നയനഹീനൻ=അന്ധൻ, വാനോരയനം=ദേവലോകം, മധുരിപു=വിഷ്ണു, ശ്രുണു=നീകേട്ടാലും, ഭരതൻ=ദുഷ്യന്തൻെറപുത്രൻ, ഹേഹയൻ=സൂര്യകുലത്തിൽ ജനിച്ച ശര്യാതിയുടെ പുത്രൻ, നഹുഷൻ=യയാതിയുടെ പിതാവു്, രാഘവൻ=ശ്രീരാമൻ, പൂരു=ചന്ദ്രവംശരാജാവായ യയാതിയുടെ പുത്രൻ, പുരൂര

വസ്സ=ചന്ദ്രപുത്രനായ ബുധന്റെ പുത്രൻ, ഭഗീരഥൻ=സൂൎയ്യവംശജനായദിലീപന്റെ പുത്രൻ, സഗരൻ=ഭഗീരഥന്റെ പിതാമഹന്റെ പിതാമഹൻ, മാന്ധാതാവു്=സൂൎയ്യവംശത്തിലെ ഒരു രാജാവു്, വൃഥു=വേനചക്രവൎത്തിയുടെ പുത്രൻ; നളൻ=നിഷധാധിപൻ, ശിബി=ഔദാൎയ്യനിധിയായ ഒരു രാജാവു്, നൃഗൻ=സൂൎയ്യവംശത്തിന്റെ ഇക്ഷ്വാകുവിന്റെ സഹോദരൻ, നിമി=ഇക്ഷ്വാകുപുത്രൻ, ബലി=മഹാബലിചക്രവൎത്തി, രഘു=സൂൎയ്യവംശജനായ ഒരു രാജാവു് സുഹോത്രൻ=സോമവംശത്തിലെ ഒരു രാജാവു്, പ്രജാസമൃദ്ധിക്കുപകരം പ്രജാസമിതിയാണു വേണ്ടതു്. മുപ്പത്താറാംവൎഷം=ധൎമ്മജന്റെ രാജ്യഭരണത്തിൽ മുപ്പത്താറാമത്തെ വൎഷം പ്രതിഭയങ്ങൾ=ഭയങ്കരങ്ങൾ; ദുൎന്നിമിത്തം=ദുശ്ശകുനം, പടുതീ=വലിയതീ ദ്വിജന്മാർ=ബ്രാഹ്മണർ, കിമപി=കുറച്ചു്, ഏകദാ=ഒരിക്കൽവിരഞ്ഞുവേഗം, ഉദധി=സമുദ്രം പൃഥുരോമം=മത്സ്യം, കൈവൎത്തൻ=മുക്കുവൻ, ഏരകതൃണം=ഏരകപ്പുല്ലു് അരവിന്ദോത്ഭവൻ-ബ്രഹ്മാവു്, തീൎത്ഥപ്രവരം=പ്രഭാസതീൎത്ഥം, ഉദ്ധവൻ=ശ്രീകൃഷ്ണന്റെ മന്ത്രി, ധൃതി=ധൈൎയ്യം വികല്പം=സംശയം, കൗഷാരവി-മൈത്രേയമുനി, നരനാരായണാശ്രമം=നരനാരായണന്മാർ തപസ്സുചെയ്തു കൊണ്ടിരുന്ന ആശ്രമം, അമൎത്ത്യപൂജ=ദേവപൂജ, രജോഗുണം=ക്രോധദംഭമാത്സൎയ്യാദികൾ (സത്വംരജസ്സ് തമസ്സ് എന്നുഗുണം മൂന്നു്) ശമം=സമാധാനം [മനശ്ശാന്തി] വീതക്കം=ഊഹം (പതകമെന്നുള്ളതു് അബദ്ധം,) കൃതവൎമ്മാവു്=യദുവംശത്തിലെ ഹൃദികന്റെപുത്രൻ മഹാരഥൻ; സാത്യകി=സത്യകന്റെ പുത്രൻ വചസാ=വാക്കുകൊണ്ടു്, നിശിതം=മൂൎച്ചയുള്ള, ഭവൻ=ശിവൻ, ഭവദ

യഹര=സംസാരദുഃഖത്തെ നശിപ്പിക്കുന്നവനേ, പുരഹര=ത്രിപുരനാശനാ, സ്മരഹര=കാമദേവനെ നശിപ്പിച്ചവനേ, മൃതിഹര=കാലനെ ഹരിച്ചവൻ (മാർക്കാണ്ഡേയനെ രക്ഷിച്ചവൻ, തൃണകണിശം=കതിര്, കുണപം=ശവം, ഋജു=നേരെ, (മനുഷ്യശരീരത്തിൽ 6 ചക്രങ്ങളുണ്ട്. അവ നാഡികൾ തന്നെ; മൂലാധാരം, സ്വാധിഷ്ഠാനം, മണിപൂരകം, അനാഹതം, വിശുദ്ധി, ആജ്ഞ ഇവയാണ് ഇവ സൂക്ഷ്മശരീരത്തിലാണ്. കുണ്ഡലിനി=മൂലാധാരത്തിൽ സ്ഥിതിചെയ്യുന്ന ഒരു ശക്തിവിശേഷം, സുഷുമ്ന=ഇഡപിംഗലമദ്ധ്യസ്ഥയായ നാഡി, മൂലാധാരത്തിൽനിന്നും തുടങ്ങി ബ്രഹ്മരന്ധ്രംവരെ എത്തിക്കിടക്കുന്നു. ചക്രകുലം=മൂലാധാരം തുടങ്ങിയ ആറു ചക്രങ്ങൾ, അർക്കമണ്ഡലം=സൂര്യമണ്ഡലം, അഗ്നിമണ്ഡലത്തിനുമുകളിൽ സൂര്യമണ്ഡലവും അതിനുമേൽ ചന്ദ്രമണ്ഡലവും സ്ഥിതിചെയ്യുന്നു, ഇവ മൂന്നും ശരീരത്തിലുണ്ട് പീയൂഷകിരണമണ്ഡലം=ചന്ദ്രമണ്ഡലം അമൃതധാരയാം അമൃതധാരകൊണ്ട്, സപദി=പെട്ടെന്ന്, ബ്രഹ്മരന്ധ്രം നിറുകയിൽകൂടി ജീവാത്മാവ് പുറത്തുപോകുന്ന ദ്വാരം, അമൃതപ്ലാവനം=അമൃതത്തിൻെറ ഊർദ്ധ്വഗതി, വിടപികളുടെ=വൃക്ഷങ്ങളുടെ ഇടയിൽകൂടെ, അടവീമാംസിനാം=കാട്ടുജന്തുക്കളുടെ, കുലാന്തകൻ=കൂട്ടത്തെ നശിപ്പിക്കുന്നവൻ, മുസലിസോദരൻ=ബലരാമസഹോദരൻ നിശിതതരമായ=മൂർച്ചകൂടിയ, അഴിനില=നിലയില്ലാതെ ഉടമ=ഭംഗി, പത്മാകരം=ലക്ഷ്മിയുടെകൈ, ബലിശിരസ്സ് =മഹാബലിയുടെ തല; ദൃഷദ്വപുസ്സ്=കല്ലായിക്കിടന്ന ദേഹം, കിരാതൻ=വേടൻ ജന്മനി-ജന്മത്തിൽ (ബാലിയെ ഒളിയമ്പെയ്തു ശ്രീരാമൻ വധിച്ചല്ലോ) ലയം=നാശം, ഖ

ഗമുഖബുദ്ധ്യാ എന്നതു മൃഗമുഖബുദ്ധ്യാ എന്നായിരുന്നാൽ നന്നായിരിക്കും. ഖഗം=പക്ഷി മൃഗം=മാൻ വിശിഖം=അമ്പ്, ഖഗപ്രവരൻ-ദേവശ്രേഷ്ഠനായി,സര.... പത്രങ്ങൾ=താമരപ്പൂവിനു തുല്യങ്ങളായ തുളസിയിലകൾ, അമ്പഹം=ദിവസംതോറും, ദാരുകൻ=കൃഷ്ണസാരഥി, മൃദുമൃദുലം=മാർദ്ദവമേറിയ, അരുണം=ചുവന്ന തെരുന്നനെ =തെരുക്കനെ(വേഗത്തിൽ) അവഹിതം=ഇഷ്ടമില്ലാത്തതു്; ദുഃസ്ഥൻ=കഷ്ടപ്പെട്ടവൻ, ദാരങ്ങൾ=ഭാര്യ, വജ്രൻ=കൃഷ്ണപുത്രൻ, സതകൻ=ബ്രഹ്മാവിൻെറ പുത്രൻ,കമലജൻ=ബ്രഹ്മാവു്, മഖപതി=യാഗാധിദേവത; കമലജാപതി=വിഷ്ണു, അനാരതം=എല്ലായ്പോഴും (തുടർച്ചയായി) ത്രിവർഗ്ഗം=ധർമ്മാർത്ഥകാമങ്ങൾ, പുരന്ദരൻ-ഇന്ദ്രൻ, ധാരണാ=അഷ്ടാംഗയോഗത്തിൽ ഒന്നാണിതു്, മൂദ്ധ്നി-ശിരസ്സിൽ, ഹിരണ്യരേതസ്സ്=അഗ്നി, ആഭ=ശോഭ. പുരുഹൂതനീലമണിരുചി=ഇന്ദ്രനീലരത്നത്തിൻെറ ശോഭ, രുചി=ശോഭ, മലർ=മലന്നതു് (പുഷ്പം) കമലസംഭവൻ-ബ്രഹ്മാവു്, പ്രമം-പ്രധാനം, നിജനിജലോകം-അവരവരുടെ ലോകം, പ്രസന്നമനസ്സ്-വിറച്ചു കൊണ്ടിരിക്കുന്ന മനസ്സ്, കസുമിതം=പുഷ്പങ്ങളോടുകൂടിയ; വാഴ്വാൻ-വാഴുവാൻ, തരണി-സൂര്യൻ, ഉദധിതീർത്ഥം-സമുദ്രതീർത്ഥം, ഹിമകിരണമണ്ഡലം-ചന്ദ്രമണ്ഡലം, പണിയുന്ന=വണങ്ങുന്ന (സ്ത്രീകളുടെ വലത്തുകണ്ണു ചലിക്കുന്നതു് അശുഭസൂചകം) വൈദർഭി-രുഗ്മിണി; സദനം-ഗൃഹം, ശയ്യ-കിടക്ക, ഉദകം-ജലം, ഭൃംഗാരകം (കിണ്ടി (ജലപാത്രം) ഉദിതാനന്ദം-ഉണ്ടായ സന്തോഷത്തോടേ, സ്തനിതം-ഇടി; ചാതകം-വേഴാമ്പൽ, നയനവാരി-കണ്ണുനീരു്, കണ്ണൻ-കൃഷ്ണൻ, കരിമുകിൽ-കാർ

ദ്രോഘം, കടൽമകൾ-ലക്ഷ്മീദേവി, മണിവർണ്ണ-ഇന്ദ്രനീലരത്നത്തിന്റെ നിറമുള്ളവനേ, മതിക്ക-മനസ്സിന്ന്, ശശമൃഗധര-മുയലിനെ ധരിക്കുന്നവൻ (ചന്ദ്രൻ) പരിണതം-പൂർണ്ണമായ, നിരന്ന-പ്രകാശമുള്ള, ഉട-വസ്ത്രം കാഞ്ചി-അരഞ്ഞാൺ, അസുരവൈരി-കൃഷ്ണൻ, വിദർഭജ-രുഗ്മിണി, പുരന്ദരാത്മജൻ-ഇന്ദ്രപുത്രൻ(അർജ്ജുനൻ) ആഹുകൻ-ഉഗ്രസേനപിതാവ്, ഉഗ്രസേനൻ-കംസന്റെ അച്ഛൻ ചിത-പട്ടട, വസുമതിപതി-ഭൃത്താവ് (വിഷ്ണു) പ്രജാവതി-രാജാവ്, മുഹുഃ-പിന്നേയും പിന്നേയും, ഉരത്ത-വലുതായ, വിഷഭിഷക്-വിഷവൈദ്യൻ, വിഷധരം-സർപ്പം, ഫൽഗുനൻ-ഉത്രംനാളിൽ ജനിച്ചവൻ(അർജ്ജുനൻ) നിരുദ്യോഗം=ഉത്സാഹമില്ലായ്ക, വനചരൻ=കാട്ടാളൻ, പരിഭൂതൻ=തോല്പിക്കപ്പെട്ടവൻ (അവമാനിതൻ) കരുണാപീയൂഷനിധി=ദയയാകുന്ന അമൃതത്തിന്റെ ഇരിപ്പിടം, ജനിമൃതി=ജനനമരണം, യമനീദിനം=രാവും പകലും, അഖിലഭാണ്ഡങ്ങൾ=എല്ലാഇരട്ടകളും, ജഗതി-ലോകത്തിൽ, ദശദിശി=പത്തുദിക്കിൽ, ദശമുഖകാലൻ-ശ്രീരാമൻ, ദശ.... ജാതൻ=താമരയ്ക്കുസ്നേഹിതനായ സൂര്യന്റെ കുലത്തിൽ ജനിച്ചവൻ, അഭിമാനികുലശമനൻ =അഹംകാരികളുടെ അഹങ്കാരത്തെ നശിപ്പിക്കുന്നവൻ, ധർമ്മദാരങ്ങൾ=ധർമ്മപത്നി, അധിഗതം=പ്രാപ്തം (ഉണ്ടായി) വളഞ്ഞദേഹൻ=അഷ്ടാവക്രൻ (അഷ്ടവക്രനെ ഒരിക്കൽ ഈ സ്ത്രീകൾ ആക്ഷേപിച്ചു അദ്ദേഹം ഞിങ്ങളെ ഒരുകാലത്തു കാട്ടാളന്മാർ പിടിച്ചുകൊണ്ടുപോകട്ടെ എന്നു ശപിച്ചു.) അവനിദേവൻ=ബ്രാഹ്മണൻ (അഷ്ടാവക്രൻ) വയസ്യൻ=സ്നേഹിതൻ അമരകൾകുലപ്പെരുമാൾ ശ്രീകൃഷ്ണൻ, വിശ്വരൂപം=ലോകംനിറഞ്ഞരൂപം,

വലരിപു=ഇന്ദ്രൻ, നിയതി=വിധി, പൃഥക്ഭാവം=വെവ്വേറെ എന്നുള്ള ഭാവം, ദ്വൈപായനൻ=ദ്വീപത്തിൽ ജാതനായവൻ (വ്യാസൻ) കൃതികൾ=വിദ്വാന്മാർ, ജ്യോതിർഗ്ഗണങ്ങൾ=ആകാശത്തിൽ പ്രകാശിക്കുന്ന ഗ്രഹനക്ഷത്രാദികൾ, ആജ്യാഹുതി=നെയ്യ് കൊണ്ടുള്ള ഹോമം വലരിപുസുതൻ=ഇന്ദ്രൻ, ധരണീമണ്ഡലമണിമയദീപം =ഭൂമിക്കുരത്നദീപംപോലെ ഇരിക്കുന്ന ശ്രീകൃഷ്ണൻ, സനാതനൻ=നാശമില്ലാതെ ഇരിക്കുന്നവൻ, മാധവൻ=ലക്ഷ്മീവല്ലഭൻ, മാരുതി=ഭീമൻ, സുവർണ്ണ്യം=നല്ലവണ്ണം വർണ്ണിപ്പാൻ യോഗ്യമായ, ത്വരിതം=വേഗം, വിരഹം=വേർപാട്, ഗൽഗദവർണ്ണങ്ങൾ=തൊണ്ടയിടച്ചയോടുകൂടിയ അക്ഷരങ്ങൾ, ബാഷ്പം=കണ്ണീർ, അമിതരോമാഞ്ചം=വർദ്ധിച്ചപുളകം, മയിർക്കൊള്ളൽ, ജയജയ=ജയിച്ചാലുംജയിച്ചാലും, ജഗദഭിരാമൻ=ലോകത്തെ സന്തോഷിപ്പിക്കുന്നവൻ, ജഗൽ...കര=ലോകത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരം ഇവയെ ചെയ്യുന്നവൻ, വിരിഞ്ച...മയ=ബ്രഹ്മാവു് വിഷ്ണു ശിവൻ ഈ മൂന്നു രൂപത്തോടുകൂടിയവൻ, ധൃതഗു...ത്ര=സത്വം രജസ്സ് തമസ്സ് എന്ന മൂന്നുഗുണങ്ങളാകുന്ന ശരീരത്തോടുകൂടിയവൻ, ചിത്രചരിത്രൻ=വിസ്മയകരമായ ചരിത്രത്തോടുകൂടിയവൻ, വൃഷ്ണിപ്രവരൻ=യാദവന്മാരിൽ ശ്രേഷ്ഠനായിട്ടുള്ളവൻ കംസാരി=കംസശത്രു, ബാണകരമദഹരൻ=ബലിപുത്രനായ ബാണന്റെ കൈയുടെ ഗർവ്വത്തെ ശമിപ്പിച്ചവൻ, ജനിമൃതിഭയഹര=ജനനമരണങ്ങളിൽനിന്നുള്ള ഭയത്തെ ഇല്ലാതാക്കുന്നവൻ, വീതഭവമൃതേ=ജനനമരണങ്ങളില്ലാത്തവൻ, ധരാധരധര=ധരാധരത്തെ [ഗോവർദ്ധനത്തെ) ധരിച്ചവൻ, ധരാധവ=ഭൂഭർത്താവു് (വിഷ്ണു) ധരാധര

കളേബര=ദമേഘ വർണ്ണശരീരൻ, ധരാഭാരഹര=ഭൂമിയുടെ ഭാരത്തെ ഇല്ലാതാക്കിയവൻ, സുരാസുരനമസ്കൃത=സുരന്മാരാലും അസുരന്മാരാലും നമസ്കരിക്കപ്പെട്ടവൻ, ചരാചരഗുരു=സ്ഥാവരജംഗമങ്ങൾക്കു ഗുരുവായുള്ളവൻ, വരാശരസുതനമസ്കൃത=വ്യാസനാൽ നമസ്കരിക്കപ്പെട്ടവൻ, വാരാവാസ=വെള്ളം വാസമായുള്ളവൻ (നാരായണൻ) സദാധാര=നല്ലയാളുകൾക്കു ആശ്രയമായുള്ളവൻ, ധരാധരവാസപ്രിയ=കൈലാസവാസിയായ ശിവനു പ്രിയനായുള്ളവൻ, പരാപര=പരനും അപരനുമായിരിക്കുന്നവൻ, പരബ്രഹ്മാത്മക=പരബ്രഹ്മരൂപി, ഭക്തജനപാരായണ=ഭക്തന്മാരെ പാലിക്കുന്നതിൽ തല്പരൻ, ശമതന=ശമ, ദമ, യമ നിയമങ്ങളോടുകൂടിയ മനസ്സോടുകൂടി, ശമം=അകമേയുള്ള ഇന്ദ്രിയനിഗ്രഹം, യമം=ശരീരംകൊണ്ടുമാത്രം സാധ്യമായകർമ്മം; നിയമം=സന്ധ്യോപാസനാദികൾ, ശമനനന്ദനൻ=കാലൻെറ പുത്രൻ (ധർമ്മജൻ) കുരുകുലവരൻ=കുരുവംശത്തിൽ ശ്രേഷ്ഠൻ (ചന്ദ്രവംശജനായ സംവരണൻെറ പുത്രൻ, കുരുപരീക്ഷിത്ത്-അർജ്ജുനപുത്രനായ അഭിമന്യുവിൻെറ പുത്രൻ, പടഹം=പെരുമ്പറ, പുടമുഴങ്ങവേ=ദിക്കുകളിൽ മുഴങ്ങിയപ്പോൾ, നിവൃത്തൽ=ഒഴിഞ്ഞവൻ, സുവൃത്തവാൽ=നല്ലചരിത്രത്തോടുകൂടിയവൻ, കല്പിച്ചു=നിശ്ചയിച്ചു, ഉരത്താൾ=പറഞ്ഞു.

X1
J. 38

'RMARAM L

DC Library
*00004178*
T61 N29

T61
N29